260039

A. 939. 260039

THE SENGUPTA PUBLIC LIBRARY
PUTHIYARA.

# വിളവു്

എ. കെ. ബാലകൃഷ്ണപിള്ള

A.939
260039

വിശപ്പ്

THE SENGUPTA PUBLIC LIBRARY
PUTHIYARA.

ശ്രീ. ഏ. കെ. ബാലകൃഷ്ണപിള്ള

യുടെ കൃതികൾ

മണ്ണിന്റെ മക്കൾ

വിവാഹം

വിശപ്പ്

തയ്യാറാകുന്നു,—

ജനത

തെണ്ടികൾ

പകർപ്പവകാശം ഗ്രന്ഥകർത്താവിന്

ഒന്നാംപതിപ്പ് കോപ്പി. 1000

1125 വൃശ്ചികം

# വിശപ്പ്

(ചെറുകഥകൾ)

ഗ്രന്ഥകർത്താ:

ഏ. കെ. ബാലകൃഷ്ണപിള്ള

പി. കെ. മെമ്മോറിയൽപ്രസ്സ്

വഴുതക്കാട്ട്, തിരുവനന്തപുരം.

വില എട്ടണ

ഈ സമാഹാരത്തിൽ,—

| | |
|---|---|
| ഇരുളിലെ പെൺകൊടി | 1 |
| മീൻമുള്ളു് | 12 |
| വിശപ്പു് | 27 |
| ദൈവത്തിന്റെ മക്കൾ | 37 |
| 'മക്കൾ തെണ്ടരുതു്' | 49 |

894.833
BAL

THE SENGUPTA PUBLIC LIBRARY
PUTHIYARA.

## ഇരുളിലെ പെൺകൊടി

★

രാത്രി. മണി പതിനൊന്നു കഴിയും.

ഞാൻ, ഉറക്കപ്പായിൽ മലൎന്നു കിടക്കുകയാണു്. മുറി മുഴുവൻ തിങ്ങിനില്ക്കുന്ന ഇരുട്ട്.

എനിയ്ക്കു് ഉറക്കം വരുന്നില്ല. എന്റെ ഹൃദയം ചുട്ട ചിന്തകളിലാണു്.

കഴിഞ്ഞ ദിവസം പ്രഭാതം മുതൽ ഞാൻ പട്ടിണിയാണു്. പച്ചവെള്ളം അല്ലാതെ ഒന്നും കഴിച്ചിട്ടില്ല.

ഞാൻ ജനിച്ചതു് ദാരിദ്ര്യത്തിലാണു്. രണ്ടും മൂന്നും നേരം തുടൎച്ചയായ് പട്ടിണികിടന്നിട്ടുണ്ടു്. ഇല്ലായ്മയിലുള്ള പട്ടിണി! വിശപ്പിന്റെ പൊള്ളലും കാന്തലും, അപ്പോഴെല്ലാം ഹൃദയം അറിഞ്ഞു് എനിക്ക് സഹിക്കാമായിരുന്നു.

പക്ഷെ, ഇപ്പോൾ ഞാൻ അനുഭവിക്കുന്നതു് സമൃദ്ധിയിലുള്ള പട്ടിണിയാണു്. ഈ വീട്ടിൽ, ഞാനൊഴികെ എല്ലാവരും വയറുനിറച്ചു് ഊണു കഴിക്കുന്നുണ്ടു്. ഇവിടെ ആവശ്യത്തിനു വേണ്ട പണവും, ഭക്ഷണസാധനങ്ങളും ഉണ്ടു്. സമൃദ്ധിയിലുള്ള, ഈ പട്ടിണി എനിക്ക് സഹിച്ചുകൂടാ.

ചിന്തിക്കുംതോറും, എന്റെ വേദന കൂടുന്നു. ഈ ഇരുട്ടിൽ കിടന്നു, ഞാൻ മൂകമായ് കരയുകയാണു്. കണ്ണുനീർകൊണ്ടു് എന്റെ കവിളും പായും മുങ്ങി.

എന്നെപോലെ, മൂന്നു പെൺകുട്ടികൾ അമ്മായിക്കുണ്ട്. ഒരാൾ എന്നെക്കാൾ പ്രായമുള്ളതാണ്. എനിക്കു പതിന്നാലുവയസ്സേ, ഒള്ളു. എന്നിട്ടും കാരുണ്യം ഇല്ലാത്ത സ്ത്രീ!—

എത്രകാലംകൊണ്ട്, ഞാൻ ഈ വേദന അനുഭവിക്കുന്നു. അമ്മ, എന്നെ അമ്മാവൻെറ അടുക്കൽ പഠിക്കുവാൻ അയച്ചതാണ്. ഇപ്പോൾ ഫിഫ്ത്തു ഫോറത്തിലായി. ഇനിയും എത്രനാൾ, ഞാൻ ഈ യാതനയിൽ കഴിയണം!–

അമ്മയ്ക്കു്, ഞാൻ ഒരു പുത്രിമാത്രമേഒള്ളു. അമ്മയുടെ ജീവനാണു ഞാൻ. എന്നെ, വളരെ വാത്സല്യച്ചു വളർത്തിയതാണ്. എത്ര മധുരമേറിയ ശബ്ദത്തിലാണ്, അമ്മഎന്നെ 'രാധേ' എന്നു വിളിയ്ക്കുന്നതു്!–

എൻെറ ഇഷ്ടം കാത്ത്, അമ്മ എന്നെ ഓമനിച്ചു വളർത്തി. ഞാൻ കരയുന്നതു്, അമ്മയ്ക്കു കണ്ടുകൂടാ. ഞാൻ വെയിലത്തു നില്ക്കുമ്പോൾ, ഓടിവന്നു പിടിച്ചുമാററും. എനിയ്ക്കു് ഇഷ്ടമുള്ള പലഹാരങ്ങൾ ഉണ്ടാക്കിതരും. വസ്ത്രങ്ങൾ വാങ്ങി നൽകും. കുട്ടിക്കാലം കഴിഞ്ഞിട്ടും, എന്നെ താലോലിയ്ക്കും.

ഇപ്പോഴത്തെ എൻെറ കഷ്ടപ്പാടുകൾ, തൊണ്ണൂറു മൈലകലെ കിടക്കുന്ന അമ്മയെ ഞാൻ അറിയിക്കാതെ കഴിയുകയാണ്. അറിഞ്ഞാൽ അമ്മ ദുഃഖിയ്ക്കും!—

......ഞാൻ കണ്ണടച്ചു വളരെനേരം കിടന്നുനോക്കി. വിശപ്പിൻെറ തളർച്ചയിൽ, ഉറക്കംവരുന്നില്ല. കാരണമി

ല്ലാത്ത ശിക്ഷയിൽ, എൻെറ ഹൃദയം പൊള്ളുന്നുണ്ടു്. ഒരുദിവസം വെള്ളംകോരികൊടുക്കാത്തതിനു്, രണ്ടുദിവസം പട്ടിണി!—

ഞാൻ വന്നഉടനെതന്നെ, അമ്മായി വേലക്കാരനെ പിരിച്ചയച്ചു. വെളുപ്പിനെ അഞ്ചുമണിക്കു് ഞാൻ എഴുന്നേററുകൊള്ളണം. വെള്ളംകോരുമുതൽ, എൻെറ ജോലി ആരംഭിക്കുന്നു. എനിയ്ക്കു താങ്ങാൻ വയ്യാത്ത ഒരു ചെമ്പുകുടമുണ്ടു്. അതും എടുത്തുകൊണ്ടു്, വീട്ടിൽനിന്നും അരഫർലോങ്ങു് അകലെയുള്ള പൈപ്പിലേയ്ക്കു പോകും. അടുക്കളെയ്ക്കകത്തു്, നാലഞ്ചു വലിയ കുട്ടകവും ചെമ്പുകലവും നിരത്തിയിട്ടുണ്ടാവും. അവയെല്ലാം, വെള്ളംകോരി നിറയ്ക്കണം. കൂടാതെ അമ്മാവനും അമ്മായിക്കും, അവരുടെ കുഞ്ഞുങ്ങൾക്കും കുളിയ്ക്കുവാൻ വെള്ളം കോരേണ്ടതും ഞാനാണു്.

രണ്ടുമണിക്കൂറുകൊണ്ടു്, വെള്ളം കോരിത്തീരും. അപ്പോഴേയ്ക്കും, എൻെറ ബ്ളൌസും പാവാടയും, വെള്ളവും വിയർപ്പുംകൊണ്ടു മുങ്ങും. അമ്മായിയുടെ മക്കൾക്കും, പേരിനു വീട്ടുജോലി കൊടുത്തിട്ടുണ്ടു്. പാത്രങ്ങൾ തേയ്ക്കുക, മുറികൾ തൂത്തു വൃത്തിയാക്കുക തുടങ്ങിയതാണവ. വെള്ളംകോരുകഴിഞ്ഞാൽ, ഞാൻ അവരെ സഹായിക്കുവാൻ ചെന്നുകൊള്ളണം. സ്കൂളിൽ പോകുന്നതുവരെ എടുപ്പതു ജോലിയുണ്ടു്. നാലുമണിക്കു സ്കൂളിൽനിന്നും വന്നാൽ, പിന്നേയും ജോലി തുടങ്ങുകയായി. രാവിലത്തെ പലഹാരത്തിനുള്ള അരിയും ഗോതമ്പും അരയ്ക്കണം. വിശപ്പും തളർച്ചയും തീൻകൊണ്ടല്ല, ജോലി ചെയ്യുന്നതു്.

രാത്രിയിൽ പത്തുമണിക്ക്, തളൎന്നു കുഴഞ്ഞു് ഉറക്കപ്പായിൽചെന്നു മലക്കും. അംഗങ്ങളെല്ലാം ജീവനററിരിക്കും. നാഴികമണിയുടെ 'ടിക്ക് ടിക്ക്' ശബ്ദംപോലെ നെഞ്ചിടിക്കും. വെളുപ്പിനെ ഉണരുമ്പോൾ, പൊങ്ങുവാൻ ശക്തികാണുകയില്ല.

എന്നെ ഇപ്പോൾ പട്ടിണികിട്ടിരിക്കുന്നതിന്റെ കുററം ഇതാണു്,—കഴിഞ്ഞ ദിവസംമുതൽ ഞാൻ വെള്ളംകോരികൊടുക്കുന്നില്ല. വൈകുന്നേരം അരിയും ആട്ടുന്നില്ല. എനിയ്ക്കു വയ്യാഞ്ഞിട്ടാണു്.........

വെളുപ്പിനെ എഴുന്നേററു, ഞാൻ കുടം എടുത്തില്ല. എന്റെ മുമ്പിൽ കണ്ണുരുട്ടി, അമ്മായി വന്നുനിന്നു. ഞാൻ പറഞ്ഞു,—

"എന്റെ നെഞ്ചു വേദന എടുക്കുന്നു."

ഒരു മാസമായി, ഈ നെഞ്ചുവേദന തുടങ്ങിയിട്ടു്. എന്നെ അതു് കൂടെക്കൂടെ ഉപദ്രവിക്കാറുണ്ടു്......ഒരു ദിവസം രാവിലെ, ഞാൻ ഒരു കുടം വെള്ളവുമായ് കമഴ്ന്നടിച്ചു വീണു. കുടത്തിന്റെ പുറത്തു് എന്റെ നെഞ്ചു ചെന്നിടിച്ചു. എനിക്ക് ശ്വാസംവിടുവാൻ കഴിഞ്ഞില്ല... കുത്തിഇരുന്നു, കൈത്തലംകൊണ്ടു് ഞാൻ നെഞ്ചുതടവി.

ഒരു വശം ചളുങ്ങിയ കുടം അമ്മായികണ്ടു. എന്റെ മുമ്പിൽനിന്നു്, അവർ കലിതുള്ളി. എന്റെ ചെവിയ്ക്കു പിടിച്ചുവലിച്ചു്, അമ്മാവന്റെ മുമ്പിലേയ്ക്കുകൊണ്ടുപോയി. അവരുടെ ഒരുകയ്യിൽ ചളുങ്ങിയ ആ കുടവും ഉണ്ടായിരുന്നു.

"പട്ടിക്ക ചോറുകൊടുത്താൽ ഇതിലും പ്രയോജന മുണ്ടു്. എന്നെ നശിപ്പിക്കുന്നതിനു കുറച്ചു ദണ്ണമുണ്ടു്. എവിടെയെങ്കിലും, അനന്തിരവളെ കൊണ്ടു പൊ ക്കോളണം."

അതുകേട്ടു്, ഞാൻ തകൻുപോയി.

എൻെറ നെഞ്ചു് വേദനിച്ചു പൊളിയുന്നു. ഞാന തു് അമ്മായിയോടു പറഞ്ഞു, വിങ്ങിക്കരഞ്ഞു. എൻെറ നെഞ്ചുവേദനയിൽ, അമ്മായിക്കു വിഷമമില്ല.

എനിക്കു മാത്രം, മരുന്നുവാങ്ങാൻ അമ്മാവനു പണ മില്ല. എൻെറ വേദനയ്ക്കു മരുന്നു വേണമെന്നു്, അമ്മാ വനു ചിന്തയില്ല. ഞാൻ ധർമ്മാശുപത്രിയിൽ പോയി. പണംകൊടുക്കാതെ പാവങ്ങൾക്കു് മരുന്നുകിട്ടുന്ന ആശു പത്രിയിൽ. തുടരെത്തുടരെ മരുന്നു കുടിച്ചു. എൻെറ നെഞ്ചുവേദന പൊറുത്തില്ല. എന്നെക്കൊണ്ടു് പിന്നീട്ടും, വെള്ളം കോരിച്ചു. വൈകുന്നേരം അരിയാട്ടി......

ആ വേദന സാധാരണമായ്തീൻു. സഹിക്കുവാൻ വഹിയാത്ത അവസരങ്ങളിൽ, മുറിക്കകത്തു കയറി ഞാൻ നിലവിളിച്ചു. ആരും തിരിഞ്ഞുനോക്കിയില്ല. കൂട്ടരൽ ആരും അന്വേഷിച്ചുമില്ല. എൻെറ നിലവിളിയിൽ, അതു് അമൻു. കണ്ണുനീരിൽ കുറഞ്ഞു.

സഹിയ്ക്കുവയ്യാത്ത വേദനകൊണ്ടാണു്, ഞാൻ വെള്ളം കോരുകയും, അരി ആട്ടുകയും ചെയ്യാഞ്ഞതു്. നെഞ്ചു പിളൻു വരുന്നതായ്തോന്നി. നെഞ്ചിനകത്തെ യന്ത്രങ്ങൾ മുട്ടിമുട്ടി ഉരയുന്നതായ് തോന്നി.

കണ്ണുരുട്ടി കവിളുചുമന്ന് ആജ്ഞാശക്തിയുമായ് നില്ക്കുന്ന അമ്മായിയോടു ഞാൻ പറഞ്ഞു,–

"എൻെറ നെഞ്ചു നോവുന്നു."

അവർ, എൻെറ മുഖത്തുനോക്കി ചീത്തപറഞ്ഞു. എന്നെ മറകടന്നു നടന്നപ്പോളെല്ലാം, അട്ടഹസിച്ച് എൻെറ കുററങ്ങൾ പറഞ്ഞു. വേല എടുക്കാതെ, ചോറു തരികയില്ലെന്നു വിധിച്ചു.

ഞാൻ ഒന്നും മിണ്ടിയില്ല. കരയുകമാത്രംചെയ്തു. ഉൽക്കടമായ ഹൃദയവേദനയിൽ വിങ്ങിപ്പൊട്ടുമ്പോൾ, ഞാൻ ഓക്കും എൻെറ അമ്മയുടെ വാക്കുകൾ,—

"എൻെറ മോള്, എല്ലാം സഹിച്ചു പഠിച്ചുകൊള്ളണം. പഠിച്ചു ജയിച്ച് ഉദ്യോഗം കിട്ടി സുഖമായിരിയ്ക്കാം."

ഞങ്ങൾ പാവങ്ങളാണ്. പഠിച്ചു ജയിച്ച് ജോലിയിലിരുന്നില്ലെങ്കിൽ എനിക്കു് ജീവിക്കുവാൻ ഒക്കുകയില്ലെന്ന്, അമ്മയ്ക്കറിയാം.

അമ്മയുടെ വാക്കുകൾ, എനിക്കു വേദനയിൽ സാന്ത്വനങ്ങളാണ്. തളച്ചയിൽ, ഉത്തേജനങ്ങളാണ്. ആത്മശക്തിക്കു ലഭിക്കുന്ന, വിലയേറിയ പ്രചോദനങ്ങളാണ്.

............ഞാൻ വിചാരിച്ചതാണ്, ഇന്നു രാത്രി എൻ്റെ സങ്കടങ്ങളെല്ലാം അമ്മാവനോടു പറയണമെന്ന്. അദ്ദേഹം ഓഫീസിൽനിന്നും വന്നപ്പോൾ, രാത്രി എട്ടുമണിആയി. കുളിയും ഊണും കഴിഞ്ഞു്, വരാന്തയിലിരുന്നു പത്രം വായിക്കുവാൻ തുടങ്ങി. അടുത്തു് ആരുമില്ല.

അമ്മായിയും മക്കളും ഊണു മുറിയിലാണു്. അമ്മാവു് നോട്ടു് സംസാരിച്ചാൽ, അകലെ ഇരിക്കുന്ന അവരാരും കേൾക്കുകയില്ല.

ഒച്ചയുണ്ടാക്കാതെ, പൂച്ചയെപോലെ പതുങ്ങി നടന്നു്, ഞാൻ വരാന്തയുടെ തൊട്ടടുത്ത മുറിയിൽചെന്നു. കതകുമറവിൽനിന്നു്, വിടവിലൂടെ ഒളിച്ചുനോക്കി. എൻെറ നെഞ്ചിടിച്ചു. ഞാൻ ശ്വാസം പിടിച്ചു ചുവരിൽ ചാരി നിന്നു. ദൈവത്തോടു പ്രാൎത്ഥിച്ചു, അമ്മാവനോടു് ഞാൻ എൻെറ പട്ടിണിയെപററി പറയുമ്പോൾ ആരും കേൾക്കരുതേ, എന്നു്. സ്നേഹത്തോടെ അമ്മാവൻ എല്ലാം ചെവി കൊള്ളണേ, എന്നു്.

ആ ഇരുട്ടിൽനിന്നു മനസ്സുകൊണ്ടു് ഞാൻ ആവൎത്തിച്ചു. അമ്മാവനോടു പറയുവാനുള്ളതു്. തുടന്നു് വായനക്കി, ശബ്ദം കേൾക്കാതെ പറഞ്ഞുനോക്കി,—

'അമ്മാവാ, ഇന്നലെ രാവിലെ മുതൽ എനിയ്ക്കു് ചോറു ഒന്നും തരുന്നില്ല. എൻെറ നാക്കു പൊങ്ങുന്നില്ല. ഇങ്ങിനെ ആയാൽ, ഞാൻ ചത്തുപോകും.'

ആറേഴപ്രാവശ്യം, ഞാനവൎത്തിച്ചുപറഞ്ഞു. വായനക്കി, വെളിയിൽ കേൾക്കാതെ......അമ്മാവനോടു പറയുവാൻ, ധൈൎയ്യം പിടിച്ചു് കതകിനു വെളിയിലേയ്ക്കു് ഞാൻ തലനീട്ടിനോക്കി. അമ്മാവനെ കണ്ടു. അമ്മാവൻ എന്നേയും. പെട്ടെന്നു ഞാൻ, തലവലിച്ചുകളഞ്ഞു.

എനിക്കു് ഉപയോഗപ്പെടുത്തുവാനുള്ള സമയം അവസാനിക്കുവാൻ പോകുന്നു. അഞ്ചോ, പത്തോ മിനിററുകൾക്കകം അമ്മായി ഊണുകഴിഞ്ഞു്, വരാന്തയിലേയ്ക്കു

വരും...എന്നെ പട്ടിണിയിട്ടിട്ട് അമ്മായിയും മക്കളും ഊണു കഴിയ്ക്കുന്നു. അയ്യോ, എന്തൊരു ഹൃദയം!—

......കുറച്ചുകഴിഞ്ഞു് എനിക്കു തോന്നി, പറയേണ്ടതു്. അമ്മാവനെ അറിയിച്ചാൽ, അമ്മായി അറിയും. പിന്നീടു് ഉണ്ടാകാവുന്നതിനെപററി, ഓർക്കുവാൻകൂടി വഹിയാ. രാവിലെ പത്തുമണിക്കു് പോയാൽ, രാത്രി എട്ടുമണിക്കു മാത്രമേ, അമ്മാവൻ മടങ്ങുകയൊള്ളു. ഈ സമയത്തിനിടയ്ക്കു് അമ്മായി എന്നെ കൊല്ലും. അമ്മാവനെ അറിയിക്കേണ്ട എന്നു നിശ്ചയിച്ചു്, ഞാൻ മടങ്ങി......

'ഒന്നു്,—രണ്ടു്,—മൂന്നു്,.........'

നാഴികമണി ശബ്ദിക്കുന്നു. മണി പന്ത്രണ്ടടിച്ചു.

...ഞാൻ മറിഞ്ഞും, തിരിഞ്ഞും കിടന്നു. ഇപ്പോൾ എനിക്കു വിശക്കുന്നില്ല. ആഹാരം കഴിക്കാതെ ആറിപ്പോയ വിശപ്പിൻെറ തളച്ച്യയാണു്. ഭയങ്കരമായ തളച്ച്! പായിൽ നിവന്നു്, ഒന്നിരിക്കുവാൻപോലും ശക്തിയില്ല.

ഞാൻ എഴുന്നേററു. തലയിണയെടുത്തു്, നെട്ടായം ചുവരിൽ ചാരി. ഞാനതിൽ ചാരി ഇരുന്നു.

ഇപ്പോൾ തോന്നുന്നു, നേരത്തെ അമ്മാവനോടു പറയേണ്ടതായിരുന്നുവെന്നു്. ഉടനെ അമ്മായിയെ വിളിച്ചു് എനിക്കു ചോറുതരുവാൻ പറയുമായിരുന്നു. കുറച്ചു ചീത്ത പറഞ്ഞിട്ടാണെങ്കിലും, അമ്മായി ചോറു തന്നേനെ.

......പക്ഷെ, ആ അവസരം നഷ്ടപ്പെട്ടു.

ഞാൻ നിശ്ചലയായ് ഇരിക്കുകയാണു്. ശോകചിന്തകൾ എന്നെ അലട്ടുന്നു. എൻെറ ഒട്ടിയ വയറിനു്, എന്തെങ്കിലും നൽകണം.

ഞാൻ എഴുന്നേററു് ജന്നലിൻെറ അടുക്കലേയ്ക്കു നടന്നു. ജന്നൽ തുറന്നു് വെളിയിലേയ്ക്കു നോക്കി. കൂരിരുട്ടു്!—എല്ലാം നിശ്ശബ്ദം!!—ഞാൻ ഇരുളിനെ തുറിച്ചു നോക്കിനിന്നു.

പത്തുപതിനഞ്ചു മിനിററുകൾ കഴിഞ്ഞുകാണും···
······എൻെറ തലയിൽ വെളിച്ചംവീണു. എന്തോ, എത്തിപ്പിടിയ്ക്കുവാൻ കഴിഞ്ഞതുപോലെ എനിക്കു തോന്നി.

ഞാൻ എൻെറ മുറിയുടെ കതകു തുറന്നു. തിണ്ണയിലേയ്ക്കിറങ്ങി. കെട്ടിടത്തിൻെറ പുറകുവശത്തുള്ള തിണ്ണയാണു്. തിണ്ണയുടെ അങ്ങേഅററം അടുക്കളയിലേയ്ക്കുള്ള വാതലാണു്. അമ്മായിയുടെ മുറിയുടെ മുൻവശത്തുകൂടി വേണം, അടുക്കളയിലേയ്ക്കു പോകാൻ.

ജന്നൽവാതുക്കൽ വന്നു്, ഞാൻ അകത്തേയ്ക്കു നോക്കി. അമ്മാവി പുതച്ചുമൂടി കിടക്കുകയായിരിക്കണം. തുണിയുടെ വെള്ളായം കാണാം. എല്ലാം ഇരുട്ടിലാണു്. മുറിക്കകത്തു് അനക്കമില്ല.

ഞാൻ, അടുക്കളവാതുക്കൽ എത്തി. എൻെറ ശരീരം ഒട്ടുക്കു വിറയ്ക്കുന്നുണ്ടു്. എൻെറ ശ്വാസോച്ഛ്വാസം ശരിക്കു നടക്കുന്നില്ല.

ഞാൻ സാക്ഷായിൽ വലതുകയ്യുറപ്പിച്ചു. കയ്യ് വിറയ്ക്കുന്നു. ഞാൻ സാക്ഷായിൽ മുറുകെ പിടിച്ചു. എൻെറ നെഞ്ചു് ദ്രുതഗതിയിൽ ഇടിക്കുന്നു········

ഞാൻ സാക്ഷ, പയ്യെപ്പയ്യെ വലിച്ചു. 'കിർ...ർ...ർ...ർ...' എന്നൊരു ശബ്ദം!—ഞാൻ ഞെട്ടിപ്പോയി. സാക്ഷാ തള്ളി മാറിക്കഴിഞ്ഞു.

അടുക്കളയ്ക്കകത്തേയ്ക്കു ഞാൻ കാലുവച്ചു. അത്താഴ ഊണും കഴിഞ്ഞു്, പാത്രങ്ങൾ താറുമാറായി ഇട്ടിരിക്കുകയാണു്. വിളക്കില്ലെങ്കിൽ, എൻെറ കാലുതട്ടി ശബ്ദം കേൾക്കും.

ഞാൻ ചുവരിൽ കൈവച്ചു തപ്പി. ഇലക്ട്രിക്ക് സ്വിച്ച് കണ്ടുപിടിക്കുവാൻ. ആവൂ,......കിട്ടിപ്പോയി. ഞാൻ വിളക്കു കത്തിച്ചു. എൻെറ ശരീരം ഒട്ടുക്ക് വിറയ്ക്കുന്നു.

വൈദ്യുതദീപത്തിൻെറ പ്രകാശത്തിൽ, അടുക്കളയിൽ എല്ലാം കാണാം. ചോറുംകലം ഉറിയിൽ തൂക്കി ഇട്ടിരിക്കുകയാണു്.

ഞാൻ കൈകൾപൊക്കി കലത്തിൻെറ വക്കിൽ പിടിച്ചു. അതിന്നകത്തു ചോറുകാണും. എൻെറ ഒരു വയറു നിറയാൻ.

കലത്തിൻെറ അടപ്പു്, എടുത്തു മാററി. വായ്‌വട്ടത്തിൽ പിടിച്ചു പതുക്കെ പൊക്കി. കലത്തിനു നല്ല ഭാരമുണ്ടു്. പഴയതുപോലെ ഉറിയിൽ ഉറപ്പിച്ചിട്ടു്, ഞാൻ കൈവിട്ടു.

.........സമയംപോകുന്നു. അർദ്ധരാത്രികഴിയും. ഞാൻ വീണ്ടും കൈകൾ കലത്തിന്റെ വക്കിൽ ഉറപ്പിച്ചു.

കലം പൊക്കി. ഉറിയിൽനിന്നും അരയടിയോളം അത്ു് ഉയർത്തി. കലം, പകുതി ഉറിയുടെ വെളിയിലാക്കി......

.........പെട്ടെന്നു് അടുക്കളയുടെ വാതൽ തള്ളിത്തുറക്കപ്പെട്ടു. അമ്മായി!—

"രാധേ!—"

അവർ അലറി.

ഞാൻ ഞെട്ടിപ്പിടഞ്ഞു തിരിഞ്ഞുനോക്കി. രൂക്ഷമായ ആ നോട്ടം!—എൻെറ കയ്യുകളിൽനിന്നും, ചോറും കലം തറയിൽ വീണു തകൎന്നു...

അടുക്കള മുഴുവൻ, ചോറു ചിന്നിച്ചിതറി കിടന്നു.

8—1—1124

## മീൻമുള്ള്

★

അാ പതിമ്മൂന്നാം വയസ്സുകാരൻ വരുന്നതു് വിഷാദത്തോടുകൂടിയാണു്. തുടുത്ത കവിളുകളിൽ, വിളർച്ച യുടെ വെള്ളപ്പുണ്ടു്. കണ്ണുകൾ വാടിതാഴ്ന്നിരിക്കുന്നു.

നേരം ഉച്ചകഴിഞ്ഞു. വാസു, വലിയ ഒരു ചായക്കടയുടെ വാതുക്കൽ വന്നുനിന്നു. കടയിൽ ആൾ ബഹളം കുറഞ്ഞിരിക്കുന്ന സമയം. അവൻ കടമാനേജരുടെ മേശയുടെ അരികിൽ പോയിനിന്നു.

അരമണിക്കൂർ കഴിഞ്ഞു.........

മാനേജർ ഗൌരവത്തിലിരിക്കുകയാണെന്നു വാസുവിനു തോന്നി. ചായ കുടിച്ചവരിൽനിന്നും പണം വാങ്ങി, അദ്ദേഹം പെട്ടിയിലിടുന്നു. 'ബെഞ്ചുകൾ തുടയ്ക്കു്...... അപ്പം വേണോന്നു ചോദിക്കു്... ആ ഇല എടുത്തുകള......' എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ അദ്ദേഹം വേലക്കാർക്കു കൊടുക്കുന്നു. അവരെ കുററപ്പെടുത്തുന്നു. ശാസിക്കുന്നു.

വാസു, ഒന്നു ഞെരങ്ങി. മാനേജർ നോക്കിയേ ഇല്ല. അവൻ അദ്ദേഹത്തിന്റെ തൊട്ടടുത്തു ചേർന്നുനിന്നു. മുഖത്തേയ്ക്കുനോക്കി. പിന്നീടു് ഒന്നു ചുമച്ചു. അദ്ദേഹം വാസുവിനെ കണ്ടു. സൂക്ഷിച്ചു് ഒന്നു നോക്കിയശേഷം ചോദിച്ചു:—

"എന്താ?......"

വാസു, വിനയം കൊണ്ടു വളഞ്ഞു. അപേക്ഷാസ്വരത്തിൽ പറഞ്ഞു:—

"ഒരു ജോലിക്ക്......"

"ഹ്......ഹ്......ജോലി,......ഇവിടെ നിനക്കെന്തു ജോലിയാണ്!...എവിടാ, നിൻെറ വീട്?"

ഏകദേശം അൻപതു മൈലകലെയുള്ള ഒരു പട്ടണത്തിൻെറ പേരു് അവൻ പറഞ്ഞു:—

"നീ എന്തിനാ, ഇന്നാട്ടിൽ വന്നതു്?"

"ഇവിടെ അടുത്തു് ഒരു ചായക്കടയിൽ എനിക്കു ജോലി ആയിരുന്നു." ആ ചായക്കട അവിടെനിന്നും ഏഴെട്ടുമൈൽ അകലെയാണെന്നും അവൻ പറഞ്ഞു.

"എന്തുജോലി?"

"പലഹാരം എടുത്തുകൊടുക്കണം. വെളിയിൽ ചില ആളുകൾക്കു് ചോറും ചായയും മററും കൊണ്ടുചെന്നു കൊടുക്കണം. ഇതൊക്കെ......"

"എന്തായിരുന്നു, ശമ്പളം?"

"ആ കടയിൽനിന്നും അഞ്ചുരൂപാ, മാസം തന്നുകൊണ്ടിരുന്നു. കൂടാതെ, വേറെയും അഞ്ചാറുരൂപാ കിട്ടും."

"വേറേകിട്ടുന്നതു് എങ്ങനെയാണു്?"

"എട്ടുപത്തു ക്ലാക്കന്മാർ ഹോട്ടലിനടുത്തു താമസിക്കുന്നുണ്ടു്. ചോറും ചായയും കൊണ്ടുചെന്നു കൊടുക്കുന്നതിനു, അവർ ഓരോരുത്തരും എട്ടും പത്തും അണവീതം മാസം, തന്നുകൊണ്ടിരുന്നു."

"പിന്നെന്താ, ആ കടയിൽ നിന്ന പോന്നതു്?"

"മാനേജരു പിരിച്ചുവിട്ടു."

"കാരണം?"

"ഞാൻ രണ്ടുമൂന്ന പ്ലേററുകൾ പൊട്ടിച്ചു."

"വേറെ എന്തെല്ലാം കുററം ചെയ്തു"

"അതിനുമുമ്പു്, പലപ്പോഴായി രണ്ടു മൂന്ന ഗ്ലാസ്സും ഒരു മൺകലവും പൊട്ടിച്ചിട്ടുണ്ടു്."

"നീ ജോലി വിട്ടിട്ടു് എത്ര ദിവസമായി"

"അഞ്ചു്"

"എന്നാണു് ഇവിടെ വന്നതു്?"

"ഇന്നു്"

"മററു കടക്കാരെ ആരെയെങ്കിലും കണ്ടോ?"

"കണ്ടു"

"ആരെയെല്ലാം?"

"മൂന്നാലുപേരുമായി സംസാരിച്ചു."

"എന്നിട്ടു്?"

"ജോലിഒന്നും ഇല്ലെന്നു പറഞ്ഞു."

"ഇവിടേയും അങ്ങനെതന്നെയാ. ഉള്ള ജോലിക്കാരു തന്നെ അധികമാ."

വാസു, നിരാശയോടെ മാനേജരുടെ നേരെനോക്കി. ആ നോട്ടം ദയനീയമായിരുന്നു. അവൻ പറഞ്ഞു:—

"എൻെറ വീട്ടിൽ, അമ്മയും പെങ്ങളും ഉണ്ടു്."

"അതിനു്?"

"ഞാൻ മാസംതോറും എട്ടും പത്തും രൂപാ അയച്ചു കൊടുത്തുകൊണ്ടിരുന്നു. ജോലി ഇല്ലാത്തതുകൊണ്ടു് ഇനിയും......"

"നിൻെറ അമ്മയ്ക്കു് എത്രവയസ്സു പ്രായമുണ്ടു്?"

"നാല്പതു്"

"പെങ്ങൾക്കോ?"

"ഏഴവയസ്സു്."

"അപ്പനില്ലേ?"

"മരിച്ചുപോയി"

"അമ്മയ്ക്കു് എന്തു ജോലിയാ?"

"അവിടുത്തെ ഒരു വല്യവീട്ടിൽ മുററം അടിപ്പും പാത്രം തേപ്പുമാണു്."

"നിൻെറ അമ്മയ്ക്കു ശമ്പളം കിട്ടത്തില്ലേ?"

"കിട്ടും."

"പിന്നെന്തിനാ നീ രൂപാ അയച്ചുകൊടുക്കുന്നതു്?"

"അമ്മയും പെങ്ങളും പട്ടിണികിടക്കാതിരിക്കുവാൻ. അമ്മേടെ ശമ്പളം കൊണ്ടു മതിയാകത്തില്ല."

മാനേജർ കുറച്ചുനേരം മൌനമായിരുന്നു. അദ്ദേഹം എന്തോ ആലോചിക്കുകയാണു്!

വാസു പറഞ്ഞു—

"എനിക്കുംകൂടി ജോലി തരണം. അല്ലെങ്കിൽ ഞാനും അമ്മയും കഷ്ടപ്പെടും."

മാനേജർ പറഞ്ഞു:—"എടാ, രണ്ടുമൂന്നുമാസം കഴിയട്ടെ. അപ്പോഠം, നീ വാ."

"അന്നുവരെ ഞാൻ എങ്ങനെ ജീവിക്കും."

"അപ്പോഠം മാത്രമേ, എനിക്കു നിവൃത്തിയൊള്ളു."

"...തല്ക്കാലം ശമ്പളം ഒന്നും തന്നില്ലെലും വേണ്ടുകില്ല. എൻെറ ചിലവെങ്കിലും കഴിഞ്ഞാൽ മതി. എങ്ങിനെയെങ്കിലും എന്നെ സഹായിക്കണം."

മാനേജർ വീണ്ടും ആലോചനയിൽ അമൎന്നു. ഒരു ദിവസത്തേയ്ക്കു വാസുവിനു് ആഹാരത്തിനു, കുറഞ്ഞതു് പന്ത്രണ്ടണയെങ്കിലും വേണ്ടിവരും. ഒരുമാസത്തേയ്ക്കു് ഇരുപത്തിരണ്ടരരൂപയായി. അപ്പോഠം ഒരു വർഷത്തേയ്ക്കു് ഇരുന്നൂറ്റി എഴുപതുരൂപാ!—മാനേജർ വായു് തുറന്നുപോയി. അദ്ദേഹം നിശ്ചിതസ്വരത്തിൽ പറഞ്ഞു.

"എടാ, ഇവിടെ ജോലിക്കിപ്പോഠം സൗകര്യമില്ല. നീ വേറെ എവിടെയെങ്കിലും, അന്വേഷിയ്ക്കു്."

വാസു, എന്തു ചെയ്യണമെന്നറിയാതെ അവിടെ നിന്നു. മൂന്നു നാലുമിനിററുകഠം കഴിഞ്ഞു്, അവൻ മൌനമായു് നടന്നകന്നു.

ആ ചെറിയ ചന്തയിലെ കടകളും കാപ്പിക്കടകളും നോക്കി അവൻ നടന്നുപോയി. ഒരു ആയുർവേദവൈദ്യശാല കണ്ടു. വൈദ്യൻ ഒരു വൃദ്ധനാണു്. ഒരു അലമാരി

യ്ക്കകത്തു് ഏതാനും മരുന്നുകുപ്പികൾ നിരത്തിയിരിക
അധികം ചികിത്സയും ആദായവും ഉള്ള ഒരു സ്ഥാ
മല്ല അതെന്നു് ഒററ നോട്ടത്തിൽ ആക്കും മനസ്സില
വൈദ്യശാലയുടെ മുൻവശത്തിട്ടിരുന്ന ബഞ്ചിൻെറ
ത്തു്, വിഷണ്ണനായ വാസു കയറിഇരുന്നു......അവ
ചന്തമുള്ള മുഖം കണ്ടു് വൈദ്യൻ ചോദിച്ചു:—

"നീ എന്തിനാവന്നതു്?"

"എന്തെങ്കിലും ജോലി അന്വേഷിച്ചു ഇറങ്ങിയിരി ക്കുകയാ."

"നിൻെറ വീടെവിടാ?"

അവൻ പറഞ്ഞു, അവൻെറ കഥ മുഴുവനും.......

* * * *

രാത്രി ഏഴരമണി ആയപ്പോൾ വൈദ്യശാല അടച്ചു. വാസു കടത്തിണ്ണയിൽ ഇറങ്ങിനിന്നു. പകലത്തെ പണി കഴിഞ്ഞു് ആളുകൾ ക്കൂട്ടംക്കൂട്ടമായി വീടുകളിലേയ്ക്കു മടങ്ങുന്നു. അവർ ധൃതിയിൽ നടന്നു പോകുകയാണു്. എല്ലാം അവൻ നോക്കിനിന്നു.

അവനും റോഡിലിറങ്ങിനടന്നു......അമ്മയേയും പെങ്ങളേയും പററി അവൻ ചിന്തിക്കുന്നുണ്ടായിരുന്നു. അവരെ അറിയിച്ചിട്ടില്ല, അവൻെറ ജോലി പോയതു്.

വിശക്കുന്നു,—നല്ല ആഹാരം എന്തെങ്കിലും കിട്ടു വാൻ അവൻെറ വയറു വെമ്പൽകൊണ്ടു. കഴിഞ്ഞ ഇരു പത്തിനാലുമണിക്കൂറുകൾക്കുള്ളിൽ വയറുനിറയെ ഒരി ക്കൽപോലും അവൻ ആഹാരം കഴിച്ചിരുന്നില്ല.

റോഡിന്റെ ഇരുവശവും ഉള്ള കടകളിൽ വിളക്കു മിന്നി. അവൻ പ്രകാശം വിട്ട്, ഇരുളിലേയ്ക്ക് ...ന്നു.

......കഴിഞ്ഞ രാത്രിയെപ്പററി അവൻ ഓർത്തു,—

സ്മരണയിൽപോലും, കുളിർമ്മയുള്ള ആ അനുഭവം!– അന്നും അവൻ വിശന്നു വിശന്നു പോകുകയായിരുന്നു. ചായക്കടകളുടെ വാതുക്കൽനിന്ന് അവൻ അകത്തേയ്ക്കു തുറിച്ചു നോക്കി. മാനേജരു് ഒന്നു മിണ്ടുവാൻ. എന്നാലേ, പറയാനൊക്കു തനിക്കു വിശക്കുന്നുവെന്ന്. എല്ലാ ഹോട്ടലുകളിലും അന്തിക്കച്ചവടത്തിന്റെ ബഹളമായിരുന്നു. ഒരു മാനേജരും അവന്റെ അപേക്ഷയ്ക്കു ചെവികൊടുത്തില്ല.

അവൻ നടന്നു നടന്നുപോയി......പ്രധാനറോഡു കഴിഞ്ഞു്, ഒരു ഇടവഴിയിൽ കയറി. ഇരുവശങ്ങളിലേയും വീട്ടുകളിൽനിന്നു പുകച്ചുരുളുകൾ ഉയരുന്നതു കാണാമായിരുന്നു. അവിടെ ചോറും കറികളും തയ്യാറാക്കുകയാണു്... അമ്മയും അച്ഛനും വേലയെടുത്തുവളർത്തുന്ന കുഞ്ഞുങ്ങൾക്ക്.

വളരെ വിശാലമായ ഒരു പറമ്പു്. നാലഞ്ചു കുടിലുകൾ താറുമാറായി നില്ക്കുന്നു. എല്ലാം മുസ്ലീം ഭവനങ്ങളാണു്.

കൂട്ടത്തിൽനിന്നും, ഒററതിരിഞ്ഞുനില്ക്കുന്ന ഒരു കുടിലിന്റെ വാതുക്കൽ അവൻ പോയിനിന്നു. അകത്തേയ്ക്കു നോക്കി. കുടിലിനകത്തു് ആകെക്കൂടി ഒരു മുറിയേയുള്ളു.

മൂലയിലുള്ള അടുപ്പിൻെറ അടുത്ത് ഒരു വൃദ്ധ ഇരിക്കുന്നു. അടുപ്പിന്നകത്ത് എരിതീ കാണാം. ഉണക്കമീൻ ചുടുന്നതിൻെറ മണം അവൻ അറിഞ്ഞു.

വൃദ്ധ തിരിഞ്ഞുനോക്കി. ചെറിയ മണ്ണെണ്ണവിളക്കും എടുത്തുകൊണ്ട്, തലയും ചൊറിഞ്ഞ് അവർ അവൻെറ അടുത്തുവന്നു.—

"കുഞ്ഞ് ഏതാണ്?"

വാസു പറഞ്ഞു:—"ഇവിടെയല്ല വീട്"

"എന്തിനാവന്നത്?"

"വയറു വിശക്കുന്നു."

വൃദ്ധ, അവൻെറ മുഖത്തേക്കു അല്പനേരം നോക്കി. അവൻ ചെറുതായ് ചിരിച്ചുകൊണ്ടുനിന്നു. തകരവിളക്കിൻെറ പ്രകാശത്തിൽ, വാസുവിൻെറ കൊച്ചുമുഖം വൃദ്ധയ്ക്കു കാണാമായിരുന്നു. വിശപ്പിൽവാടിയതെങ്കിലും അവൻെറ മുഖത്തിനു് ഒരു പ്രസന്നതയുണ്ട്. വൃദ്ധപറഞ്ഞു:—

"മോൻ അകത്തേയ്ക്കുവാ—"

വാസു, അകത്തുകടന്നു. കുടിലിന്നകം വെറും പൂഴിമണലാണ്. തറ അടിച്ചുറപ്പിച്ചിട്ടില്ല. അവനു് ഇരിയ്ക്കുവാൻ വൃദ്ധ ഒരു പലകക്കഷണം കൊടുത്തു. പഴകികീറിയ ഒരു പായ്ക്കഷണം കുടിലിൻെറ മുകളിലത്തെ മുളംകഷണത്തിൽ കെട്ടിത്തൂക്കിഇട്ടിരിക്കുന്നത് വാസു കണ്ടു.

അടുപ്പിൻെറ തൊട്ടടുത്തു വച്ചിരുന്ന ഒരു മൺകലത്തിൻെറ അകത്തു്, വലിയ ചിരട്ടത്തവി എടുത്തിട്ടു് വൃദ്ധ ഇളക്കി. കട്ടിപിടിച്ച കഞ്ഞിവെള്ളം ഇളകിമറിയുന്ന 'ഗ്ലള......ഗ്ലള്'......ശബ്ദം വാസു കേട്ടു.

വക്കപൊട്ടിയ ഒരു ചട്ടിക്കകത്തു വൃദ്ധ കഞ്ഞിവെള്ളം കോരിനിറച്ചു. അതു വാസുവിൻെറ മുമ്പിലേയ്ക്കു നിരക്കി. ഒരു പ്ലാവിലയ്ക്കകത്തു് ചുട്ടെടുത്ത ഉണക്കമീനിൻെറ ഒരുകഷണവും കൊടുത്തു. കഞ്ഞിവെള്ളത്തിനകത്തു വാസു കയ്യു് മുക്കി. തണുത്തുറച്ചതു്!—അവൻ തപ്പിനോക്കി. അങ്ങും ഇങ്ങും ഓരോവററു വെള്ളത്തിലൂടെ ഇളകുന്നു. രണ്ടുകരങ്ങളുംകൊണ്ടു് അവൻ ചട്ടിപൊക്കിപ്പിടിച്ചു്, കഞ്ഞിവെള്ളം ആർത്തിയോടെ മോന്തിക്കുടിച്ചു. പിന്നീടു് വെള്ളത്തിലെ വററുകൾ അരിച്ചുവാരിത്തിന്നു. ഉണക്കമീനും തൊട്ടുനക്കി. കഞ്ഞിവെള്ളത്തിൻെറ തണുപ്പു്, അവൻെറ ആത്മാവിനെക്കൂടി കുളിരിൽ മുക്കി. വയററിലും തണുപ്പുവീണു. അന്നത്തെ രാത്രി, അവൻ ഉറങ്ങിയതും ആ കുടിലിലാണു്. വൃദ്ധയും വാസുവും, കീറപ്പായുടെ രണ്ടററത്തായി കിടന്നു.

നേരംവെളുത്തു യാത്ര പറഞ്ഞപ്പോൾ, വൃദ്ധ ചോദിച്ചു:—

"മോനു് എവിടെ പോണു?"

"പട്ടണത്തിലേക്കു്"

"അവിടെ ചെന്നിട്ടു്?"

"ജോലി അന്വേഷിക്കും."

അവൻ വെളിയിലിറങ്ങി നടന്നകലുന്നതു്, വൃദ്ധ വാതുക്കൽനിന്നു സൂക്ഷിച്ചുനോക്കി. വാസു ഇടവഴിയടുത്തപ്പോറം, അവർ അവൻെറ പുറകേ എത്തി.

"മോനേ!—"അവർ വിളിച്ചു.

അവൻ തിരിഞ്ഞുനിന്നു.

നാലണയുടെ ഒരു വെള്ളിത്തുട്ടു് നീട്ടിയിട്ടു്, വൃദ്ധ പറഞ്ഞു:—"ഇതുകൊടുത്തു വെശക്കുമ്പം വല്ലതും വാങ്ങിച്ചു തിന്നോ—"

വാസു, കൈകൂപ്പി താണു തൊഴുതു. അങ്ങിനെ ചെയ്യണമെന്നു് അവനുതോന്നി. അവൻ തിരിഞ്ഞു നടന്നപ്പോറം വീണ്ടും വൃദ്ധയുടെ ശബ്ദം കേട്ടു,—

"മോനെ, ദൈവം രക്ഷിക്കും!—"

* * * *

സ്നേഹസമ്പന്നയായ ആ വൃദ്ധയുടെ കുടിലിൽനിന്നും നാലുമൈൽ അകലെയാണു്, അവൻ ഇപ്പോറം നില്ക്കുന്നതു്......

വാസു ചിന്താമഗ്നനായി തെരുവുനീളെ നടന്നു. കടകറം മിക്കതും അടച്ചുകഴിഞ്ഞു. തെരുവിൽ വെളിച്ചമില്ല. വിശപ്പും ദാഹവും വേദനയും ഉള്ള അവൻെറ ഹൃദയത്തിലേതുപോലെത്തെ ഇരുട്ടാണു്.

ഒരു വലിയ വീട്ടിൻെറ മതിൽചാരി വാസു നിന്നു. കെട്ടിടത്തിൻെറ അടുക്കള മതിലിനോടു ചേർന്നതാണു്.

മീൻ വറത്തുപൊരിക്കുന്ന മണം. വെളിച്ചെണ്ണയിൽ കിടന്നു വെന്തുപൊരിയുന്നതിൻെറ ഗന്ധം വാസുവിൻെറ നാസാരന്ധ്രങ്ങളിൽ അലതല്ലി. അവൻ മൂക്കു നിവത്തുപിടിച്ചുനിന്നു. ഒട്ടിയവയറും, തളന്ന ദേഹവും, വിവശമായ ഭാവവും!—ആവൂ!.....ആ മണം അവനു വളരെ ഹൃദ്യമായിരുന്നു. കുറച്ചുനേരം കഴിഞ്ഞു് 'ശ്ശ്ശ്'... ശബ്ദം നിലച്ചു. മീൻ വറത്തു വാങ്ങിയിരിക്കാം. പ്രിയപ്പെട്ട ആ മണം അവസാനിച്ചു. അവൻെറ വായിൽ വെള്ളം വന്നുനിറഞ്ഞു.....

അവൻ ആ വീട്ടിൻെറ വാതുക്കൽ ചെന്നു. ഗേയ്റ്റു് ചേത്തു് അടച്ചിരിക്കുന്നു. വാതലിൻെറ വിടവിലൂടെ അവൻ അകത്തേയ്ക്കു നോക്കി. ഒരു തടിച്ച മനുഷ്യൻ തിണ്ണയിലിരുന്നു പത്രം വായിക്കുന്നു. അവൻെറ ഹൃദയം ശബ്ദിച്ചു, ഗേററിൽ തട്ടിവിളിക്കണമെന്നു്. തിണ്ണയിലിരിക്കുന്ന ആറം ഗൃഹനാഥൻ ആയിരിയ്ക്കാം. വലിയ കെട്ടിടത്തിൽ താമസിക്കുന്നതുകൊണ്ടു് ധനികനുമായിരിക്കാം. ആദ്യമായ് വിശപ്പിൻെറ കാര്യം പറയണമെന്നു വാസു വിചാരിച്ചു. ആഹാരം തന്നേക്കും. അപ്പോൾ അവൻെറ ദയനീയമായ കഥയും ചോദിക്കാതിരിക്കുമോ? എല്ലാം വിസ്തരിച്ചു പറയുമ്പോൾ ഹൃദയാലുതത്തോടെ എന്തെങ്കിലും ജോലിക്കു് ഏപ്പാടു ചെയ്യുമായിരിക്കും.

വാസു ഗേയ്ററിൽ ചെന്നു പിടിച്ചു. വലിയ കെട്ടിടത്തിൻെറ വലിയ ഗേയ്റവ!—തിണ്ണയിലിരിയ്ക്കുന്ന ആ തടിച്ച മനുഷ്യൻ തുറിച്ചുനോക്കുന്നതായ് തോന്നി. ഗേയ്റ്റു് തുറക്കുവാൻ അവനു് മനക്കരുത്തു് ഉണ്ടാകുന്നില്ല.

ഗേയ്ററിൽ തള്ളുമ്പോൾ ഒച്ചകേൾക്കും. സമയം എട്ടു മണിയെങ്കിലും കഴിഞ്ഞുകാണും. അവൻെറ ആഗമനം ആ വലിയ മനുഷ്യന് ഇഷ്ടമുള്ളതല്ലായിരിയ്ക്കും. അദ്ദേഹം ദേഷ്യപ്പെട്ടുകയും, ശകാരിക്കുകയും ചെയ്യെങ്കിലോ!— അവൻ ഗേയ്ററിൽനിന്നും കൈവിട്ടു.........റോഡിൻെറ നടുക്കെത്തി.

പിന്നേയും അവൻ വിചാരിച്ചു, അകത്തു കയറിച്ചെല്ലുകയാണെങ്കിൽ ഒരുപക്ഷെ അവനിൽ കരുണതോന്നി, ആ വീട്ടിൽനിന്നും എന്തെങ്കിലും ആഹാരം ലഭിച്ചേയ്ക്കും. അവൻ തിരിഞ്ഞു നടന്നു. സധൈര്യം ഗേയ്ററു തള്ളിത്തുറന്നു. ആ തടിച്ച മനുഷ്യൻ കസേരയിൽനിന്നും എഴുന്നേററുനിന്ന് ഗൌരവത്തോടെ അവനെ നോക്കി. ആ നോട്ടത്തിൻെറ മുമ്പിൽ, വാസു തളൎന്നുപോയി. അവൻ വിനീതനായ് പയ്യെ പറഞ്ഞു,—

"എനിയ്ക്കു വെശക്കുന്നു........"

അവൻ പറഞ്ഞുതീരുന്നതിനു മുമ്പേ, അയാൾ അലറി:—"വെശക്കുന്നതിന് ഇവിടെ ഒന്നും ഇല്ല."

അവൻ അനങ്ങാതെ നിന്നു. അയാൾ മുററത്തേയ്ക്ക് ഇറങ്ങിനിന്നു പറഞ്ഞു:—

"ഹ്ഹാം......ഹ്ഹാം......"

ഇറങ്ങിപോകുവാനാണു പറയുന്നതെന്നു വാസു മനസ്സിലാക്കി. പക്ഷെ അവൻ പോയില്ല. അവൻ അയാളുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടുനിന്നു.

"രാത്രി ആയാലും, തെണ്ടലു നിൎത്തുകില്ല!......"

അയാളുടെ വെടിപൊട്ടുംപോലത്തെ ശബ്ദം, അവനിൽ വേദനയും ദേഷ്യവും ഉണ്ടാക്കി. അവനും ഉറക്കെ പറഞ്ഞു,—

"ഞാൻ തെണ്ടിയല്ല."

"പിന്നെ, നീ ആരാ?"

അവൻെറ കണ്ണുകൾ വികസിച്ചു. തൻേറടം ഉണൎന്നു. അവൻ അയാളുടെ നേരെ തുറിച്ചു് നോക്കി.

ഒന്നും ഉരിയാടാതെ വാസു റോഡിലിറങ്ങി.

വിസ്താരമുള്ള ഒരു കടത്തിണ്ണയിൽ കയറി, പൊടി തുത്തു മാററിയശേഷം, അവൻ മലൎന്നുകിടന്നു......ആ പൊരിച്ചമീനിൻെറ മണം അവൻ ഓൎത്തു. അവനു സഹിക്കുവാൻ വഹിയാത്ത കൊതിയുണ്ടായി. തൻെറ സ്വന്തം വീട്ടിൽ അമ്മ തനിക്കുവേണ്ടി മീൻ വറത്തിട്ടുള്ളതു വാസുവിൻെറ ഓൎമ്മയിലെത്തി. മീനിൻെറ മാംസം അടൎത്തി അടൎത്തി അവൻ തിന്നും. എന്തൊരു സ്വാദാണു്!–വളരെ അധികം നാളുകൾ കഴിഞ്ഞു, പൊരിച്ച ഒരു മീൻ തിന്നിട്ടു്. ഹോട്ടലിൽ ജോലിയിലിരിക്കുമ്പോൾ പോലും ഒരെണ്ണം അവനു കിട്ടിയിട്ടില്ല.

അപ്പോൾ ഒരു പൊരിച്ചമീൻ കിട്ടിയാൽ അതിന്റെ മുള്ളുപോലും അവൻ കളയുകയില്ല. ഒടിച്ചു് ഒടിച്ചു് തിന്നും. ആ മുള്ളു് നല്ലവണ്ണം മൊരിഞ്ഞു് പൊടിഞ്ഞിരിക്കും. അവൻെറ വായിലെ ഉമിനീരിൽ ആ മീനിൻെറ മണവും സ്വാദും അലിഞ്ഞുചേരും. ഹാ...ഹാ... എന്തൊരു രുചി ആയിരിക്കും!

* * * *

വിശപ്പിൽ തളൎന്ന്, വാസു ഉറങ്ങി. അവൻ ഹൃദ്യമായ ഒരു സ്വപ്നം കണ്ടു കിടന്നു.

......കടല്ക്കരയിൽ നില്ക്കുക ആയിരുന്നു. തിരമാലകൾ വാസുവിൻെറ കാലടികൾ നനച്ചു. എട്ടുപത്തു മിനിററുകൾ കഴിഞ്ഞപ്പോൾ ഒരു മീൻ വന്നു കരയ്ക്കടിഞ്ഞു. അവൻ ആൎത്തിയോടെ പിടിച്ചു. ആ മീൻ പിടയ്ക്കുന്നുണ്ടായിരുന്നു. പക്ഷെ, വാസു വിട്ടില്ല. അതിനെ അവൻ അടുത്ത കുടിലിലേയ്ക്കു കൊണ്ടുപോയി. അവിടെ താമസിച്ചിരുന്നതു് ഒരു മുസ്ലീം വൃദ്ധ ആയിരുന്നു. അവനു് കഴിഞ്ഞ രാത്രിയിൽ കഞ്ഞിവെള്ളം കൊടുത്തതുപോലെ ആൎദ്രചിത്തയായ ഒരു മുസ്ലീം വൃദ്ധ ആയിരുന്നു. അവർ അവനെ ഇരുകരങ്ങളും നീട്ടി സ്വീകരിച്ചു.

ആ മീൻ വറത്തു. അതു വെളിച്ചെണ്ണയിൽകിടന്നു പൊരിഞ്ഞു. മീൻ വറക്കുന്ന ചീനച്ചട്ടിയിൽനിന്നും ഉയൎന്ന ആസ്വാദ്യമായ ഗന്ധത്തിൻെറ ലഹരിപിടിച്ചു് വൃദ്ധതുള്ളി. അവർ നല്ല രാഗമുള്ള ഒരു പാട്ടുപാടി. തുടൎന്ന് വാസുവിനെ ആശ്ലേഷിച്ചു. ഒരു ചട്ടി നിറയെ കഞ്ഞിവെള്ളം എടുത്തു്, അവൻെറ മുമ്പിലേയ്ക്കു് അവർ വച്ചുകൊടുത്തു. പക്ഷെ, അവൻ ആ ചട്ടിയിൽ തൊട്ടില്ല. മീൻ വറത്തു കിട്ടണമെന്നുപറഞ്ഞു.

വൃദ്ധ ചീനച്ചട്ടിയിൽ കയ്യിട്ടു. ഒരു ശകലം മീൻ നുള്ളി വായിലിട്ടു രുചിനോക്കി. വൃദ്ധ തുള്ളിച്ചാടി തന്റെ കൊതിയും മീനിൻെറ രുചിയും കാണിച്ചു. അവർ വീണ്ടും കയ്യിട്ടു് ചീനച്ചട്ടിയിൽനിന്നും മീനിൻെറ മാംസം അടൎത്തി എടുത്തു തുടച്ചയായി തിന്നുവാൻ തുടങ്ങി. കുറച്ചുസമയം

കഴിഞ്ഞപ്പോൾ ആ പൊരിച്ച മീൻ, ഒരു നീണ്ട മീൻ മുള്ളു മാത്രമായി അവശേഷിച്ചു. വൃദ്ധ, ആ മുള്ളു് എടുത്തു വാസുവിൻെറ ചട്ടിയ്ക്കകത്തേയ്ക്കു എറിഞ്ഞുകൊടുത്തു. പക്ഷെ, അതു വീണതു് അവൻെറ തുടയിലാണു്. മീൻമുള്ളു് കുത്തിക്കൊണ്ടു. വാസുവിനു നൊന്തു......

അവൻ ഞെട്ടിപ്പിടഞ്ഞു് ഉണർന്നു. തുടയിൽ തപ്പി നോക്കി. ഒരു എറുമ്പു് കടിച്ചുപിടിച്ചിരിക്കുന്നു.

തെരുവൊട്ടുക്കു് ഇരുട്ടും നിശ്ശബ്ദതയും.

അവൻ വീണ്ടും ഉറങ്ങുവാൻ കണ്ണടച്ചുകിടന്നു.

1–9–1124.

## വിശപ്പ്

★

നടന്നു കുഴഞ്ഞ കാലുകൾ. തളർന്നു തകർന്ന ഹൃദയം. അഭ്യർത്ഥിച്ചു കുഴഞ്ഞ നാവ്. വിദ്യാധരൻ വീട്ടിലേയ്ക്കു തിരിച്ചു.

വേദനയും വിശപ്പും. അയാളെ അലകളും അലച്ചയും നിറഞ്ഞ ആഴിയിൽ എത്തിച്ചു.

അയാളുടെ വരവു കാത്ത്, അൻപതു കഴിഞ്ഞ മാതാവ്, ആശയും ആകാംക്ഷയുമായി നില്പുണ്ടായിരുന്നു.

വിശപ്പ്, വിശപ്പിനെ സ്വാഗതം ചെയ്തു.

ഒഴിഞ്ഞ കൈകളോടെ മകൻ വന്നു. നിറഞ്ഞ കണ്ണുകളോടെ, അയാൾ അമ്മയെ കെട്ടിപ്പിടിച്ചു.

നിരാശ ആകാംക്ഷയെകെടുത്തി. പുത്രസ്നേഹം വരൾച്ചയേറിയ ഹൃദയത്തിൽ, കുളിർ ചാററി. വെറും കൈകൾ, വിശപ്പിനെ വളത്തി.

അയാൾ അമ്മയെ തൊട്ടുനിന്നു നെടുവീർപ്പിട്ടു.

"ഇന്നും കിട്ടിയില്ല—"

അമ്മ പറഞ്ഞു,—

"ഇതു ഭയങ്കരമായ അഗ്നിപരീക്ഷയാണ്."

"രണ്ടുറപ്പികവരെ ഞാൻ ചോദിച്ചു. രണ്ടുദിവസമായി ചോറുണ്ടിട്ടെന്നു പറഞ്ഞു..... രൂപാ തന്നില്ലെങ്കിൽ വീണ്ടും പട്ടിണി ആയിപ്പോകുമെന്ന് അറിയിച്ചു....."

"എന്നിട്ട്?"

"അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു, ഈ മാസംമുതൽ 'പററു' തരുകയില്ലെന്നു്. ഒന്നാംതീയതി ആകുമ്പോൾ ശമ്പളം വാങ്ങിച്ചുകൊള്ളണമെന്നു്."

"ഒന്നാംതീയതിക്കിനിയും, പന്ത്രണ്ടു ദിവസമുണ്ടല്ലോ."

"ഉണ്ടു്. ഒന്നാംതീയതി ആകുമ്പോൾ, അഞ്ചാം തീയതി ആകട്ടെയെന്നു പറയാം. വേണമെങ്കിൽ വീണ്ടും അവധിമാററാം. ആരും അദ്ദേഹത്തോടു ചോദിക്കാനില്ല ....."

"അതുവരെ നാമെന്തുചെയ്യും?"

"ജോലിക്കാർ ആഹാരം കഴിയ്ക്കുന്നുണ്ടോ, എന്നു മുതലാളിയ്ക്കറിയേണ്ട. ദിവസവും സമയത്തു ചെന്നുകൊള്ളണം. അദ്ദേഹത്തിൻെറ ഇഷ്ടംപോലെ ജോലിചെയ്യണം. അദ്ദേഹം നിശ്ചയിട്ടുള്ള ശമ്പളം, അദ്ദേഹത്തിനു് ഇഷ്ടമുള്ള തീയതിയ്ക്കു തരും......"

"ആഹാരംകഴിയ്ക്കാതെ, മുഖം വിളറി കണ്ണുതാണിരിക്കുന്നതു്, അദ്ദേഹത്തിനു കണ്ടുകൂടെ?"

"കാണാം. അദ്ദേഹം പറയും, ആഹാരം കഴിക്കുവാൻ നിവൃത്തി ഇല്ലെങ്കിൽ ജോലിയ്ക്കു വരേണ്ടെന്നു്."

"നീ, നിർബന്ധിച്ചു ചോദിച്ചില്ലേ,......?"

"അദ്ദേഹത്തെ കൂടുതൽ അസുഖപ്പെടുത്തിയാൽ, ജോലിയിൽ നിന്നും പിരിച്ചുവിടും. വേറെ ആളിനെ കിട്ടുമെന്നു് അദ്ദേഹത്തിനുറപ്പുണ്ടു്."

"കാരുണ്യമില്ലാത്ത ജാതി!......"

"ജോലിക്കാരൻെറ വേദനയും വിഷമവും മുതലാളി യൂറിയേണ്ട. പക്ഷെ, ഫാക്ടറിയിലെ കാര്യങ്ങളെല്ലാം റെഡിയ്ക്കു നടന്നുകൊള്ളണം. അദ്ദേഹം രാവിലെ കാറിൽ വരും. പങ്കായുടെ കീഴിൽ പോയിരിയ്ക്കും......പിന്നീടു വൈകുന്നേരം പോകും......"

"എനിയ്ക്കു് ഏഴുന്നേററു നില്ക്കുവാൻ ജീവനില്ല..."

"രണ്ടുരുപ്പികയ്ക്കു വരെ അദ്ദേഹത്തിൻെറ മുമ്പിൽ നിന്നു ഞാൻ യാചിച്ചു് ചോദിച്ചു. അപ്പോൾ, അദ്ദേഹത്തിൻെറ മുഖത്തു് വെറുപ്പും വിദ്വേഷവും കണ്ടു. എന്തൊരു ഗംഭീരഭാവമാണു്. വേലക്കാരൻെറ കണ്ണുനീർ, ആ ഹൃദയത്തെ ചലിപ്പിയ്ക്കുകയില്ല."

"ഇന്നും, ഞാൻ അറിയുന്നവരോടൊക്കെ അരിയും ചക്രവും കടംചോദിച്ചു. ആരും തന്നില്ല. എല്ലാവക്കും, നാം കൊടുക്കുവാനുണ്ടു്. ഇങ്ങനെ ആയാൽ, ഈ വിശപ്പിൽ,......"

"......ഈ വിശപ്പ്, എന്നെ പഠിപ്പിക്കുന്നുണ്ടു്. ചിന്തിപ്പിക്കുന്നുണ്ടു്. അമ്മയുടെ തളൎന്നുവാടിയ മുഖം കാണുമ്പോൾ, എൻെറ ഹൃദയം തകരും. പക്ഷെ, ഈ അനുഭവങ്ങൾ, എനിയ്ക്കു് ഉണർവ്വും ആവേശവും നൽകുന്നുണ്ടു്. എന്നെ പ്രചോദനം കൊള്ളിയ്ക്കുന്നുണ്ടു്"

"മോനെ, നിനക്കു ചെറുപ്പമാ. അതുകൊണ്ടു്, അമ്മയുടെ അത്രക്ഷീണം, തോന്നുകയില്ല."

"എന്റെ കാലുകഴച്ചോടിയുന്നു. തൊണ്ടകുഴഞ്ഞു പോയി. ശബ്ദം ഉയത്താൻ വയ്യാ........."

"ഇന്നു് ഉച്ചതിരിഞ്ഞപ്പോൾ, ഞാൻ വിറയ്ക്കുവാൻ തുടങ്ങി. എനിയ്ക്കു വെപ്രാളമുണ്ടായി. എന്റെ ദേഹം മുഴവൻ, തളച്ച്കൊണ്ടു് പെരുത്തുകയറി. ഞാൻ അടുക്കളയിൽ ചെന്നു പുളിച്ച കഞ്ഞിവെള്ളം എടുത്തു കുടിച്ചു. ഇന്നാലെ കുടിച്ചതും അതുതന്നെയാണു്. ദുസ്വാദുകൊണ്ടു് ഒരുതുള്ളി ഇറക്കുവാൻ വയ്യാ. എങ്കിലും വയറു തന്നെ കുടിച്ചു......"

..........അമ്മയും മകനും പായ് വിരിച്ചു കിടന്നു. രാത്രി,—ഉറങ്ങുവാൻ.

* * * *

വിശപ്പു്!—വിശപ്പിന്റെ തളച്ച്!!—

മുറിയുടെ കതകുകൾ തള്ളിത്തുറന്നുകൊണ്ടു് ഒരു തടിച്ച വിശേഷാൽ പ്രതിയുമായ്, വിദ്യാധരൻ റോഡിലേയ്ക്കിറങ്ങി.

മണി, പത്തു കഴിയും.

ക്രൂരിരുൾ. തണുത്ത കാററു്. രാത്രിയുടെ നിശാന്തത

ഇരുൾ നിറഞ്ഞ ഇടവഴിയിലൂടെ അയാൾ നടന്നു. .........ഓടി. കരിയിലകൾ മമ്മരം ചൊരിഞ്ഞു.

ഇടവഴി കഴിഞ്ഞു. വൈദ്യുതദീപങ്ങളാൽ വെളിച്ചം വീശിയ തെരുവീഥിയിൽ അയാൾ എത്തി.

ഒരു വലിയ പല വ്യഞ്ജനക്കട. മോതിരവും, മാലയും, സ്വർണ്ണവാച്ചും ഉള്ള മുതലാളി. വിദ്യാധരൻ അവിടെ ചെന്നു ചോദിച്ചു,—

"കടലാസ്സ വേണോ?"

കടലാസ്സ്!—അയാൾ ആരാധിയ്ക്കുന്ന കലാകാരന്മാരുടെ, കഥകളും കവിതകളും അടങ്ങിയ കടലാസ്സ്!—

മൂന്നു മാസത്തിനുമുമ്പ്, രണ്ടുറുപ്പികയ്ക്കു വാങ്ങിയ, വിലപ്പെട്ട ഒരു വിശേഷാൽ പ്രതി!!—

ആസ്വാദ്യതയേറിയ ലേഖനങ്ങൾ. വായിച്ചാലും വായിച്ചാലും മതിവരുകയില്ല. ഹോ, അയാൾക്ക് അവയോടെത്ര സ്നേഹമായിരുന്നു!!—

"ഇതു മുഴുവൻ പഴയ കടലാസ്സാണു്. വേറെ ഉണ്ടോ?" കച്ചവടക്കാരൻ ചോദിച്ചു.

"ഇല്ല."

അയാൾ അടുത്ത കടയിൽ ചെന്നു.

"കടലാസ്സവേണോ?"

"വേണ്ട."

വിഷാദവും, നിരാശയും!—

വലിയ കടകൾ മിക്കതും അടച്ചിരുന്നു. അടുത്ത കടയിൽ എത്തുവാൻ അയാൾ, രണ്ടുഫർലോങ്ങ് ഓടി.

"കടലാസ്സവേണോ?"

കടക്കാരൻ ചോദിച്ചു,—

"അർദ്ധരാത്രിയ്ക്കാണോ, പത്രവില്പന?"

വിദ്യാധരന്റെ മുഖം മ്ലാനമായി. അയാളുടെ കുഴഞ്ഞ നാവുകൊണ്ടു്, ഇഴച്ചു പറഞ്ഞു,—

"വർത്തമാനപത്രം അല്ല, സാമാനം പൊതിയാനുള്ള കടലാസ്സ്."

"കാണട്ടെ, എത്രറാത്തൽ ഉണ്ട്?"

കച്ചവടക്കാരൻ കടലാസ്സുവാങ്ങി തൂക്കി,—

"മുക്കാൽ റാത്തൽ കഷ്ടിച്ചുവരും."

വിദ്യാധരൻ, അയാളുടെ മുഖത്തേയ്ക്കു് ഉററുനോക്കി.

"എത്ര ചക്രം വേണം?" കച്ചവടക്കാരൻ ചോദിച്ചു.

വിദ്യാധരൻ ഒന്നും മിണ്ടിയില്ല.

"പറഞ്ഞാട്ടെ, കട അടയ്ക്കണം." കച്ചവടക്കാരൻ ധൃതികൂട്ടി.

"നിങ്ങൾക്കു് അറിഞ്ഞുകൂടെ, എത്ര ചക്രം തരണമെന്നു്?" വിദ്യാധരൻ, പുഞ്ചിരിയ്ക്കുവാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു.

"രണ്ടു ചക്രം തരാം." കച്ചവടക്കാരൻ പറഞ്ഞു. വിദ്യാധരന്റെ വദനം വീണ്ടും മ്ലാനമായി. അയാൾ ഒന്നും മിണ്ടാതെ, വിശേഷാൽ പ്രതിയും വാങ്ങി അടുത്ത കടയിലേയ്ക്കു ചെന്നു. മുതലാളി ഗൌരവത്തോടെ എന്തോ സംസാരിയ്ക്കുക ആയിരുന്നു. ക്ഷമ നശിച്ച വിദ്യാധരൻ പഴയ പല്ലവി, വിനീതമായ് അവിടേയും ആവർത്തിച്ചു.

"കടലാസ്സും മണ്ണാങ്കട്ടയും ഒന്നും വേണ്ട. കൊണ്ടുപോണം." ഇടയ്ക്കു കയറി ചോദിച്ചതിൽ കോപകലുഷനായ കച്ചവടക്കാരൻ അട്ടഹസിച്ചു.

മുള്ളുപോലത്തെ വാക്കുകൾ. വെൺമയേറിയ ഹൃദയത്തിൽ തറയ്ക്കുന്നവ. അയാൾ ഓടി........

വേറൊരു കച്ചവടക്കാരൻ പറഞ്ഞു,—

"മിസ്റ്റർ, ഇതുകൊള്ളുകയില്ല. ആരും വാങ്ങിയ്ക്കുത്തില്ല."

വിദ്യാധരൻ, അസഹ്യതയോടെനോക്കി. കച്ചവടക്കാരൻ തുടന്നു:—

"നാലണതരാം. ഇഷ്ടമുണ്ടെങ്കിൽ തരൂ."

വിദ്യാധരൻ ഒന്നും മിണ്ടിയില്ല. ആ നാക്കു തളന്നുപോയി. അതു പൊങ്ങുന്നില്ല......

കടക്കാരൻ, നാലണ എടുത്തുനീട്ടി. വിദ്യാധരൻ ഞരങ്ങി—"ഒരണകൂടി തരൂ."

കച്ചവടക്കാരൻ അപ്രകാരം ചെയ്തു.

വിശപ്പ്, വേണ്ടതിനെ വിററു.

അഞ്ചണ!—കേളികേട്ട കലാകാരന്മാരുടെ സാഹിതീസദനത്തിനു്. യുവഹൃദയത്തിനു് പ്രചോദനം നൽകുന്ന ആദർശസംഹിതയ്ക്കു്. ആസ്വാദ്യതയുടെ പൂർണ്ണിമയായ, അനർഘരത്നങ്ങൾക്കു്.

അയാൾ വാങ്ങി: മൂന്നണയ്ക്കു മരച്ചീനി. ഒരണയ്ക്കു കരുപ്പെട്ടി. ബാക്കി ഒരണയ്ക്കു് ഉപ്പുംമുളകും.

* * * *

ഇപ്പോൾ അയാൾക്കു വിശപ്പില്ല. വേദനയാണു്.

മണി ഒന്നു കഴിഞ്ഞു. അയാൾ, ഉറങ്ങിയില്ല.

വിശേഷാൽ പ്രതിയുടെ ചിന്തയിൽ, അയാളുടെ ഹൃദയം നൊന്തു് അലിയുകയാണു്.

അഞ്ചണയ്ക്കു വിററതു്, അനശ്വരതയുടെ സമ്പത്താണു്.

മണി നാലു കഴിഞ്ഞു.

തീററി തേടുവാൻ, പകലിനെ കാത്തുകഴിയുന്ന കാക്ക, 'കാ......കാ......'ന്നു കരഞ്ഞു. ഉണർവിൻെറ ശബ്ദങ്ങൾ അന്തരീക്ഷത്തിൽ ഉയൎന്നു തുടങ്ങി.

വിദ്യാധരൻ കതകു തുറന്നു, മുററത്തേയ്ക്കിറങ്ങി.

നക്ഷത്രങ്ങളുടെ വെളിച്ചം. കുളിർ നിറഞ്ഞ കാററു്. വെള്ളമണൽ പരപ്പു്.

അയാൾ ആകാശത്തേയ്ക്കുനോക്കി. നക്ഷത്രങ്ങൾ!—ചിലവ വെള്ളി പ്രസരിപ്പിൽ ജാജ്ജ്വല്യമായിരുന്നു. മററു ചിലതു മങ്ങിയും ചിമ്മിയും നിന്നു.

അയാൾ മനുഷ്യരെപററി ചിന്തിച്ചുപോയി. ധനമുള്ള ഒരു വൎഗ്ഗം!—സുഖത്തിലും മദീയതയിലും. ഒരു നേരത്തെ കൊററിനു വകയില്ലാത്ത പാവങ്ങൾ, മറുവശത്തു്.

ഒരു രക്തനക്ഷത്രം അടൎന്നുവീണു. അസമത്വവും അടിമത്വവും, പട്ടിണിയുംനിറഞ്ഞ ഈ ലോകത്തിൽ, എവിടേയോ, അതു പതിച്ചുകാണണം. വിശപ്പിൽനിന്നു്, യാതനയിൽനിന്നു്, അനുനിമിഷം എത്രയെത്ര ഇങ്ങതാഴെ മറിഞ്ഞുവീണു മണ്ണടിയുന്നു!—

താരകങ്ങൾ ഓരോന്നായി അണഞ്ഞുപോയി. ഇരുൾ നീങ്ങി, പ്രകാശത്തിൻ രേഖവീശി.

വിദ്യാധരൻെറ ഹൃദയം കിതച്ചു……

*        *        *        *

അറിവും പരിചയവുമുള്ള ഓരോരുത്തരോടും അയാ ൾ ചോദിച്ചു,—

"അഞ്ചണവേണം"

അയാൾക്കു വെകിളിപിടിച്ചിരുന്നു.

ആരോ അണ കൊടുത്തു. വിദ്യാധരൻ അണയും കൊണ്ടു് പാഞ്ഞുനടന്നു.

കഴിഞ്ഞ ദിവസത്തെ കച്ചവടക്കാരൻ!—അണയും നീട്ടികൊണ്ടു് വിദ്യാധരൻ പറഞ്ഞു—

"എൻെറ വിശേഷാൽപ്രതി!—"

"ഏതു വിശേഷാൽപ്രതി?" കച്ചവടക്കാരൻ ചോ ദിച്ചു.

"ഇന്നലെ ഞാൻ തന്നതു്"

"നിങ്ങൾക്കു് അതിൻെറ വില തന്നില്ലേ?"

അണ കാണിച്ചുകൊണ്ടു് വിദ്യാധരൻ പറഞ്ഞു,—

"നിങ്ങൾ തന്ന വിലയാണിതു്. അണ വാങ്ങി, അതു തിരിച്ചു തരണം."

"ഞങ്ങൾകീറി, കൂട്ടുകൾ ഉണ്ടാക്കിയല്ലോ."

വിദ്യാധരൻ, വിയർത്തു കുഴഞ്ഞുനിന്നു.

"………അ കൂട്ടുകൾ കാണിയ്ക്കൂ…" അയാൾ നിലവിളിച്ചു.

ഒരു പയ്യൻ, കൂട്ടകളെല്ലാം എടുത്തുകൊണ്ടുവന്നു. ഓരോന്നും വിദ്യാധരൻ എടുത്തുനോക്കി. എല്ലാ ലേഖനങ്ങളുടേയും അററവും പകുതിയും, അവയിൽ ഓരോന്നിലും അവശേഷിച്ചിരുന്നു.

ആ കടലാസ്സു കഷണങ്ങളിലെ ഓരോ അക്ഷരവും ശോച്യമായ് അയാളെ നോക്കുന്നുണ്ടായിരുന്നു. നിറഞ്ഞ കണ്ണുകളിലൂടെ നോക്കിയപ്പോൾ, ആ അക്ഷരങ്ങൾ നനഞ്ഞിരുന്നു. കരഞ്ഞിരുന്നു.

പല്ലുകടിച്ചു് അയാൾ പിറുപിറുത്തു—

"വിശപ്പു്!—ഭ്രാന്തുപിടിപ്പിയ്ക്കുന്ന വിശപ്പു്!!—"

2–6–1122.

Tinh

## ദൈവത്തിൻെറ മക്കൾ

★

"ഇരപ്പാളികൾ!......നേരം വെളുക്കുമ്പംവരും. കാവലുകാക്കാൻ. ഇങ്ങനെ ഒരു ശല്യമുണ്ടോ?"

ആ തെണ്ടികൾ, വാതുക്കൽവന്നു നിലവിളിയ്ക്കുന്നു! പ്രേമയ്ക്കു ദേഷ്യംവന്നു.

അവൾ, ഒരു ഇംഗ്ലീഷ് പുസ്തകത്തിലെ 'പ്രേമകഥകൾ' വായിച്ചു രസിയ്ക്കുകയാണ്. ഒരു വൃദ്ധ, മൂന്നുകുഞ്ഞുങ്ങളേയും തൂക്കിപ്പിടിച്ചുകൊണ്ടു് പ്രേമയുടെ ഗേററിങ്കൽ എത്തിയിട്ടു്, ഏറെ നേരമായി. അവർ ആഹാരത്തിനു, തുടരെത്തുടരെ മുറവിളിക്കൂട്ടുന്നു.

പ്രേമ തിണ്ണയിലിറങ്ങിനിന്നു:—

"ഹേയ് കിളവി,...പോകാനല്ലേ, പറഞ്ഞതു്"

ഗേററിങ്കൽ പിന്നെയും മുഴങ്ങി:—

"പൊന്നു തമ്പുരാട്ടി,.....ഈ കുഞ്ഞുങ്ങള് ഇന്നാലെക്കൂടിയും വററുകാണാത്തതാണേ. ഇച്ചിരി കഞ്ഞിവെള്ളം കൊടുക്കണേ."

ആ വൃദ്ധയുടെ ശബ്ദം, വേദന കലന്നതായിരുന്നു. അതു് ലോകത്തിൻെറ ബധിരങ്ങളായ കാതുകളിൽ ക്കൂടിയും തുളച്ചുകയറും. കരയാത്ത കണ്ണുകളിൽ ക്കൂടിയും, കണ്ണുനീർ നിറയ്ക്കും.

പ്രേമ, ദേഷ്യത്തോടെ പിന്നെയും പറഞ്ഞു:—

"മേലാൽ ഇവിടെവന്നു വിളിച്ചുക്രുവരുത്. പൊക്കോ, ഇറങ്ങി."

കാരുണ്യമററ ശബ്ദം!— സഹതാപശൂന്യമായ സ്വരം!!—മനുഷ്യസ്നേഹമേശാത്ത നിലപാട്!!!—

ഗേററിങ്കൽ നില്ക്കുന്ന വൃദ്ധയ്ക്കു് പ്രേമയെ കാണാം.

താരുണ്യം തികഞ്ഞ യുവതി. കൊഴുത്തു തടിച്ച ദേഹം. വെൺമയേറിയ ആ മുഖത്തു് ക്രമ്പിനില്ക്കുന്ന മുഖക്കുരുക്കൾ, ദേഷ്യം കൊണ്ടു് എഴുന്നു നില്ക്കുന്നു. ആഡംബരങ്ങളും ആകർഷകത്വവും.

വൃദ്ധ, ദയനീയമായ് വിളിച്ചു പറഞ്ഞു:—

"ഇച്ചിരി, കഞ്ഞിവെള്ളം മതിയേ......"

കുഴിഞ്ഞുതാണു പ്രഭയററ അവരുടെ കണ്ണുകൾ, വീണ്ടും പ്രേമയെ നോക്കി. കാരുണ്യത്തിനു വേണ്ടിയുള്ള അത്ഥന!

നട്ടുച്ച!— എരിപൊരികൊള്ളിയ്ക്കുന്ന വെയിൽ!! ആ നാലു മനുഷ്യക്കോലങ്ങളുടെ അകത്തു്, മാംസം കാന്തിന്നുന്ന വിശപ്പ്!!—

ആറോ ഏഴോ വയസ്സു പ്രായമുള്ള രണ്ടുകുട്ടികൾ, വൃദ്ധയുടെ ഓരോ കയ്യിലും തൂങ്ങുന്നു. എഴുന്നുനില്ക്കുന്ന എല്ലുകളും, ചെമ്പൻ മുടിയും, കീറിമുറിഞ്ഞു അഴുക്കുപുരണ്ട വസ്ത്രങ്ങളും ഉള്ള അത്ഥനഗ്നയായ വൃദ്ധ. അവരുടെ തോളത്തു്, വലത്തെ കവിളുചേത്തു് ഒരു പിഞ്ചുപൈതൽ കിടന്നു മയങ്ങുന്നു. വട്ടച്ചോറി പിടിച്ച ഇടതുകൈത്തലം കൊണ്ടു് അതു് മുഖംപൊത്തിപ്പിടിച്ചി

ട്ടുണ്ട്, വെയിലു കൊള്ളാതിരിക്കുവാൻ. ആ തെണ്ടിവ ർഗ്ഗത്തെ, പ്രേമ രൂക്ഷമായ് നോക്കി.

"പോകാൻ!" അവളുടെ ആജ്ഞയാണു വീണ്ടും.

വൃദ്ധ പറഞ്ഞു:—

"ഈ കൊച്ചു കുട്ടിയ്ക്കെങ്കിലും, ഒരു തുടംകഞ്ഞി വെള്ളം മതിയേ......"

"എടാ രാമാ, ആ ശ്ശുവങ്ങളെ വെളിയിലിറക്കി ഗേററിനു കുററിയിട്ടു്. വേഗമാകട്ടെ. പോകാൻ പറഞ്ഞാൽ നാശ്ശങ്ങളുപോകത്തില്ല."

പ്രേമ, പുസ്തകവും വീശിപ്പിടിച്ചുകൊണ്ടു്, മുറിയ്ക്കകത്തേയ്ക്കു പോയി.

രാമൻവന്നു, ഗേററിനു കുററിയിടുവാൻ.

"എൻെറ പൊന്നു കുഞ്ഞേ, ഈ പാവങ്ങളെ ഓടിയ്ക്കല്ലേ. ഇച്ചിരി കഞ്ഞിവെള്ളം കൊണ്ടുവന്നുതന്നാട്ടെ. എൻെറ കൊച്ചുകുഞ്ഞു ഇപ്പോൾ ചത്തുപോകും."

രാമനു് അലിവുതോന്നി. ആ വൃദ്ധയാചകിയുടെ നയനങ്ങളിൽനിന്നും കണ്ണുനീർ, ഇററിററു വീഴുന്നു. അവൻ അവിടെനിന്നു് അടുക്കളയിലേയ്ക്കു നോക്കി. രണ്ടു രാക്ഷസ നയനങ്ങൾ, അടുക്കളവാതുക്കൽ!—പ്രേമ!

രാമനും പറഞ്ഞു:—

"ഹ്ഉാം......ഇറങ്ങുവെളിയിൽ."

വൃദ്ധ പറഞ്ഞു;—

"ദൈവത്തെ ഓത്തു് വല്ലതും തരണേ."

രാമൻ മുന്നോട്ടാഞ്ഞു. വൃദ്ധയും കുഞ്ഞുങ്ങളും, ഇഴഞ്ഞു ഗേററിന്നു വെളിയിൽ കടന്നു.

രാമൻ ഗേററിന്നു കുററിഇട്ടു.

അഹങ്കാരത്തിൻെറ വേലിയേററത്തിൽ, കരയുന്നവരുടെ നേരെ കണ്ണുതുറക്കാത്ത ആ രംഗത്തിന്ന്, ഒരാൾക്കൂടി കൂട്ടു നിന്നിരുന്നു. പ്രേമയുടെ അമ്മ!—ഒരു അൻപതാം വയസ്സുകാരി!—

*　　*　　*　　*

അടുക്കളയിലൊരുശബ്ദം!

പ്രേമ ഓടിവന്നു. അവളുടെ അമ്മ, മാധവിഅമ്മ അടുക്കളയിലുംകത്തു നില്പുണ്ടായിരുന്നു.

"എന്തുപററി?" പ്രേമ, ഭയപാരവശ്യതയോടെ ചോദിച്ചു.

"ചോറുംകലം മറിഞ്ഞു താഴെവീണു. പട്ടികയറി മറിച്ചതാണെന്നു തോന്നുന്നു."

പ്രേമ പറഞ്ഞു:—

"ചോറു മുഴുവൻ ചാരത്തിലാണു വീണതു്."

മാധവിഅമ്മ ശാസിച്ചു:-

"പുസ്തകം വായിച്ചുരസിച്ചാൽ മാത്രംപോരാ. വീട്ടുകാര്യംകൂടി നോക്കണം."

"രാമൻ അടുക്കളയുടെ വാതൽ അടയ്ക്കാഞ്ഞതിന്നു് ഞാനാണോ കുററക്കാരി"

"രാമൻ അടച്ചോ എന്നു നിനക്കു നോക്കാൻ വയ്യാ യിരുന്നോ?–തടിച്ചുകൊഴുത്തു വളരുന്നു!—ചുമതലകൂടി അറിയണം."

അമ്മയുടെ ദേഷ്യഭാവംകണ്ടു്, പ്രേമ അടുക്കളയിൽ നിന്നും ഇറങ്ങിപ്പോയി.

മണി ഒന്നു കഴിഞ്ഞു.

രണ്ടാമതു് അരി അടുപ്പിൽ ഇട്ടിട്ടു്, രണ്ടു, മൂന്നു മിനിട്ടുകളേ ആയിട്ടൊള്ളു.

പ്രേമയ്ക്കു വിശക്കുന്നു. ഉണ്ണുവാനുള്ള നേരം കഴി ഞ്ഞു. വിശപ്പു് ഇത്ര ശക്തിയുള്ളതാണെന്നു്, അവൾ അറിഞ്ഞിരുന്നതേയില്ല.

അവൾക്കു ദേഷ്യവും വരുന്നു. രാമനെ ചീത്തപറ യുവാൻ തുടങ്ങി. കടയിൽ പോയിരുന്ന രാമൻ കുറച്ചു നേരം കഴിഞ്ഞു മടങ്ങിവന്നു.

"നിനക്കു് വേലചെയ്യാൻ വയ്യെങ്കിൽ വീട്ടിൽ പോ യിരിയ്ക്കണം. വെറുതെ മനുഷ്യരെ ഉപദ്രവിക്കരുതു്."

രാമൻ ഒന്നും അറിഞ്ഞില്ല. അ്വൻ അമ്പരപ്പോടെ പ്രേമയെ നോക്കി.

"ഞാനെന്തു വേണം കുഞ്ഞേ? വെറുതേ, എന്തിനാ എന്നെ ചീത്തപറയുന്നതു്?"

"നീ അടുക്കളയിലേക്കു നോക്കിയ്ക്കേ. ചോറു കലം പട്ടിതട്ടിയിട്ടു. ചാരത്തിനകത്തു കിടക്കുന്നതു മുഴു വൻ, ചോറാണു്."

"പട്ടി, കലം മറിച്ചതിന്ന് ഞാനാണോ, കുററക്കാരൻ?"

"അടുക്കളെയുടെ വാതൽ അടച്ചിട്ട വേണം, കടയിലേയ്ക്കു പോകാൻ. ബുദ്ധികെട്ട ജന്തു, നശിപ്പിക്കാൻ വന്നിരിയ്ക്കുന്നു."

"വാതൽ ഞാൻ ചേർത്തടച്ചിരുന്നതാ. പട്ടിതള്ളി മാററുമെന്നു വിചാരിച്ചില്ല."

"കള്ളം പറഞ്ഞു മിടുക്കനാകേണ്ട. അച്ഛനിങ്ങു വരട്ടെ. നിൻെറ അഹങ്കാരത്തിന്നു, കാണിച്ചുതരാം......"

മാധവി അമ്മ, പ്രേമയുടെ അടുത്തുവന്നു,—

"എടീ, അച്ഛൻ വന്നാൽ നീ അവനെ എന്തു ചെയ്യും?"

"ജോലിയ്ക്കുകൊള്ളരുതാത്തവനെ,......"

"ഞാനാണ്, അവനെ കടയിൽ പറഞ്ഞയച്ചതു്. നീ എന്തിനാ, രാമനെ ചീത്തപറഞ്ഞതു്?"

"എനിക്കു വിശന്നിട്ടാ,......"

"......പാവം!– എൻെറ മകൾക്കിപ്പോൾ, വിശക്കുന്നുണ്ടോ!–" മാധവി അമ്മ പരിഹാസസ്വരത്തിൽ പറഞ്ഞു.

"രാമൻെറ കയ്യിൽനാലണകൊടുക്കൂ. അവൻ പോയി പഴം വാങ്ങിക്കൊണ്ടുവരട്ടെ."

"എൻെറ കയ്യിൽ, ചില്ലറ ഒന്നും ഇല്ല." മാധവി അമ്മ അഗണ്യതയോടെ പറഞ്ഞു. പ്രേമ, രാമനെ വിളിച്ചു

പറഞ്ഞു:—"രാമാ, അത കൃഷ്ണപിള്ളയുടെ കടയിൽ ചെന്നു് നാലണയ്ക്കു പഴം വാങ്ങിക്കൊണ്ടുവാ. കുറച്ചുകഴിഞ്ഞു് അണകൊടുക്കാം."

രാമൻ പറഞ്ഞു:—

"അവിടെ പഴവും ഒന്നും ഇല്ല. എല്ലാകുലയും പച്ചയാ."

"പോടാ പട്ടി അവിടുന്നു്."

പ്രേമ, ദേഷ്യം കൊണ്ടു തുള്ളിച്ചാടി.

അവൾ അലമാരിയുടെ അടുക്കലേയ്ക്കു് ഓടി. നെയ്യു് ഭരണിതുറന്നു്, ഒരു കയ്യു് നിറയെ നെയ്യു് വാരി വിഴുങ്ങി. മാധവിഅമ്മ അതുകണ്ടു ചിരിച്ചു. എന്നിട്ടും പ്രേമയുടെ വിശപ്പു് അടങ്ങിയില്ല.

"പ്രേമേ!...പ്രേമേ!......" മാധവിഅമ്മ വിളിച്ചു.

"എന്താ,......" അവൾ അസുഖത്തിൽ വിളികേട്ടുകൊണ്ടു്, അടുത്തേയ്ക്കു ചെന്നു. മാധവിഅമ്മ, മകളെ അടുത്തു പിടിച്ചിരുത്തി. അവളുടെ അഴകേറിയ അളകങ്ങളെ പിടിച്ചൊതുക്കിക്കൊണ്ടു്, വാത്സല്യത്തോടെ താടിപിടിച്ചു നിവത്തു.

"മകൾക്കു വിശപ്പു തീരെ സഹിയ്ക്കുവാൻ, വയ്യേ?"

"വേലക്കാരന്റെ വിവരക്കേടുകൊണ്ടു്, ഞാൻ പട്ടിണിയിരിയ്ക്കണം." പ്രേമ പിറുപിറുത്തു.

"മകളെ, കുററക്കാരി നീതന്നെയാ. രാമനും ആരും അല്ല."

"ഞാനോ,?" പ്രേമ അമ്പരപ്പോടെ അമ്മയെ നോക്കി.

"അതെ മകളെ,—നീ"

"ഞാനെന്തു ചെയ്തു?"

"പറയാം, നീ ചെയ്തതു് പറയിപ്പിയ്ക്കുവാൻ പോകുകയാണു്."

അമ്മ പറയുന്നതറിയാൻ പ്രേമ ജിജ്ഞാസയോടെ ഇരുന്നു.

"ആരാ മകളെ, നേരത്തെ നമ്മുടെ ഗേററിങ്കൽ വന്നിരുന്നതു്?"

"വയസ്സായ ഒരു സ്ത്രീയും, മൂന്നു കുഞ്ഞുങ്ങളും. അവർ ഭിക്ഷയ്ക്കു വന്നതാണു്."

"എന്നിട്ടു്?"

"അവർ കുറച്ചു് കഞ്ഞിവേണമെന്നു പറഞ്ഞു."

"മകളു കൊടുത്തോ?"

"ഇല്ലാ—"

"എന്തുകൊണ്ടു്?"

"ഞാൻ പുസ്തകം വായിച്ചുകൊണ്ടിരിയ്ക്കുകയായിരുന്നു. അവർ, ഗേററിങ്കൽ വന്നു ബഹളംകൂട്ടി ഉപദ്രവിച്ചു. അതുകൊണ്ടു് എനിക്കു ദേഷ്യം വന്നു."

"കുറച്ചു കഞ്ഞിവേണമെന്നു പറഞ്ഞതു്, ബഹളം കൂട്ടിയതാണോ?"

"വളരെ രസത്തിൽ വായിച്ചിരുന്നതുകൊണ്ടാണു്, കൊട്ടക്കാതെ അയച്ചതു്."

"അവർ വിശന്നിട്ടാണു്, കഞ്ഞി ചോദിച്ചതെന്നു്, എൻെറ മകൾക്കറിയാമായിരുന്നോ?"

പ്രേമ, ഒന്നും മറുപടി പറഞ്ഞില്ല.

മാധവിഅമ്മ, ഗൌരവഭാവത്തിൽ തുടൎന്നു:—

"അപ്പോഴത്തെ നിൻെറ മുഖഭാവം ഞാൻ കണ്ടതാണു്. അമ്പെടി, എന്തൊരു ദേഷ്യമായിരുന്നു!—"

"അവരുടെ നിലവിളി കൊണ്ടാണു്, എനിയ്ക്കു ദേഷ്യം വന്നതു്."

"അതു് വിശപ്പിൻെറ നിലവിളി ആയിരുന്നുവെന്നു് മകൾക്കിപ്പോൾ മനസ്സിലായോ?"

"മനസ്സിലായി......"

"നീ പഴം വാങ്ങിയ്ക്കാൻ പറഞ്ഞില്ലേ? രാമനെ ചീത്ത വിളിച്ചില്ലേ? നെയ്യു് വാരി തിന്നില്ലേ?-ഇവയെല്ലാം എന്തുകൊണ്ടായിരുന്നു?"

"എനിക്കു വിശന്നിട്ടു്,—"

"ഒരു മണിക്കൂർ വിശന്നിരിയ്ക്കുവാനുള്ള സഹിഷ്ണുത നിനക്കില്ല. മോളേ, അവർ രാവിലെ എഴുന്നേറ്റാൽ രാത്രിയിൽ ഉറങ്ങുന്നതുവരെ വിശപ്പിലാണു്. അവരെ വളൎത്തുന്നതും വിശപ്പാണു്."

പ്രേമയുടെ പ്രസാദാത്മകത്വം മങ്ങി. മാധവിഅമ്മ വിളിച്ചു. "പ്രേമേ!—"

"ഹ്ഉം......"

"അവർ പോയപ്പോൾ, ദൈവത്തിനെ വിളിച്ച് സങ്കടം ബോധിപ്പിച്ചതു്, നീ കേട്ടോ?"

"കേട്ടു."

"അതുകൊണ്ടാണു്, നിനക്കിപ്പോൾ വിശക്കുവാൻ ഇടയായതു്. ചോറു ചാരത്തിൽ വീഴ്ത്തിയതു് നിന്നെ പഠിപ്പിയ്ക്കുവാൻ വേണ്ടിയാണു്."

"ഞാൻ പഠിച്ചു..."

അവൾ പതറിയ ശബ്ദത്തിൽ പറഞ്ഞു.

"നിൻെറ കഴിഞ്ഞ ജീവിതം, ഒരു കളിക്കുഞ്ഞിന്റേതായിരുന്നു. ഒരു ഭാര്യയാകുമ്പോൾ, കുടുംബത്തെ നയിക്കേണ്ട ചുമതല നിൻേറതാകും. അതിനു് ആദ്യം നീ മനുഷ്യസ്നേഹിയാകണം."

അവളുടെ കണ്ണുകൾ നിറയുന്നതു്, മാധവിഅമ്മ കണ്ടു. അവർ ഉശിർപ്പോടെ തുടൎന്നു:—

"നിനക്കു വേദനയില്ല, വിശപ്പില്ല. നിന്റെ അച്ഛൻ സ്വത്തുകാരനാണു്! നിന്നെപോലുള്ളവരെ പരീക്ഷിയ്ക്കുവാൻവേണ്ടിയാണു്, ദൈവം അവരെ സൃഷ്ടിച്ചിരിക്കുന്നതു്. മകളേ, അവർ ദൈവത്തിൻെറ മക്കളാണു്."

പ്രേമ, പെട്ടെന്നു പറഞ്ഞു:—

"അമ്മേ, രാമനെ അയച്ച് അവരെ വിളിപ്പിയ്ക്കൂ. ആ പാവങ്ങൾ റോഡിൽ എവിടെയെങ്കിലും കാണും."

മാധവിഅമ്മ സംതൃപ്തിയോടെ മകളുടെ മുഖത്തേക്കു നോക്കി. അവൾ കരയുന്നു,...........

*       *       *       *

ഗേററു തുറക്കപ്പെട്ടു. രാമൻ മുമ്പേയും വൃദ്ധയാചകിയും കുഞ്ഞുങ്ങളും അവൻെറ പുറകേയായും വരുന്നു. പ്രേമ, വാതുക്കൽനിന്നു് അവരെ എതിരേററു.

രാമൻ കഥ പറഞ്ഞു:—

"ഞാൻ അവരെ തേടി ചുററിപ്പോയി. അവസാനം, ഒരു കടത്തിണ്ണയിൽവച്ചു കണ്ടു. പക്ഷേ, കുഞ്ഞുങ്ങൾമാത്രമേ ഒള്ളൂ. ഇളയ കുഞ്ഞു് വെറുംതറയിൽ കണ്ണടച്ചു കിടക്കുന്നു. മററു രണ്ടുപേരും, രണ്ടുവശവും ഇരുന്നു കരയുകയാണു്. ഞാൻ ചോദിച്ചപ്പോൾ അവർ പറഞ്ഞു, തള്ള കഞ്ഞിവെള്ളം വാങ്ങാൻ പോയിരിയ്ക്കുകയാണെന്നു്. ആ കൊച്ചുകുഞ്ഞു് ആഹാരം കഴിയ്ക്കാതെ, തളന്നു മയങ്ങി കിടക്കുകയായിരുന്നു."

വൃദ്ധ പുലമ്പി,—

"ഇങ്ങനെയാണെങ്കിൽ, ഈ കൊച്ചുകുഞ്ഞു് പട്ടിണികിടന്നു ചത്തുപോകും. എൻെറ മോള് അവളെ ഓമനിച്ചു വളത്തിയതാണു്. മാനം വിററും, അതിനു വെള്ളം കൊടുത്തു. അവസാനം എൻെറ മോള ചത്തു. അവൾ പെററകുഞ്ഞാണിതു്"........"

അവൾക്കു് ഇലയിട്ടു. പ്രേമയാണു് വിളമ്പിയതു്.

വൃദ്ധയാചകി, കഞ്ഞിവെള്ളം കോരി ആ കൊച്ചുകുഞ്ഞിൻെറ വായിൽ ഒഴിച്ചുകൊടുത്തു. അതു് വാടി തള

ന്നുകിടക്കുന്നു !........കഞ്ഞിവെള്ളം വീണ് അതിൻെറ ചുണ്ടുകൾ നനഞ്ഞു. നാക്കു ചലിച്ചു. അതു് ആഹാരം ഇറക്കി.

പ്രേമ, ചോറും കറികളും വേണ്ടുവോളം കൊടുത്തു. ആ നാലു വയറുകൾക്കും. അവർ സംതൃപ്തിയുടെ നെടു വീർപ്പു വിട്ടു. വയറു നിറഞ്ഞു. വിശപ്പുമാറി.

അവർ പോകാറായപ്പോൾ, പ്രേമ പറഞ്ഞു:—

"കൂടെ കൂടെ വരണം. വിശക്കുമ്പോഴൊക്കെ വരണം. വയറു നിറച്ചു ഞാൻ ചോറുതരാം."

പ്രേമയെ 'ദൈവത്തിൻെറ മക്കളെ' പഠിപ്പിക്കുവാൻ മാധവി അമ്മ തന്നെയാണു ചോറുംകലം മറിച്ചിട്ടതെന്നു്, മരണം വരെ ആ മാതാവു് മകളോടു പറഞ്ഞിട്ടില്ല.

20—7—1122

## ‘മക്കൾ തെണ്ടരുത്’

★

ആ വൃദ്ധയാചകൻ ചത്തുമരവിച്ചു കിടക്കുന്നു! തെരുവിലെ ഓടവക്കത്തു്. തലതല്ലിതകർന്നു്. കണ്ണിലും മൂക്കിലും ചെളിമണ്ണു കയറി.

അയാളുടെ ശരീരത്തിൽ രക്തം പുരണ്ടിട്ടുണ്ടു്. ധരിച്ചിരുന്ന കീറത്തുണികൾ, അഴിഞ്ഞുമാറി. തോളിൽ തൂക്കിയിരുന്ന സഞ്ചികളിലെ അരിയും ചില്ലിക്കാശുകളും ചിന്നിച്ചിതറി. ദയനീയ മായ ആ കാഴ്ചയിൽ ഞാൻ സ്തംഭിച്ചു നിന്നുപോയി.

സൂര്യൻ ഉദിച്ചുപൊങ്ങിയില്ല. പകലിന്റെ പ്രകാശം മുഴുവൻ വീശിയില്ല. പലരും കണികണ്ടതു്, ആ പ്രേതത്തെയാണു്.

*　　*　　*　　*

നാലുചില്ലിക്കാശിലാണു്, ഞങ്ങൾ പരിചയപ്പെട്ടതു്. നട്ടുച്ച! ഊണുംകഴിഞ്ഞു് ഞാൻ ധൃതിയിൽ ഓഫീസ്സിലേയ്ക്കു പോകുകയായിരുന്നു.

റോഡുവക്കത്തെ തണലിൽ നിന്നുകൊണ്ടു്, അയാൾ വിളിച്ചുപറഞ്ഞു:—

“നാലുകാശു തരണേ!—”

ഞാൻ അതുകൊടുത്തു. എന്നിട്ടു വെറുതേ, അങ്ങു നടന്നു പോയി.

പിന്നീടും പലപ്രാവശ്യം ഞാൻ അയാളെ കണ്ടു. പലപ്രാവശ്യം എന്നോടു യാചിച്ചു. അയാളുടെ മുഖത്തിനും ഭാവത്തിനും ഒരു പ്രത്യേകതയുണ്ടു്. എനിയ്ക്കു് അയാളെ അറിയണമെന്നു തോന്നി. അതിന്നു് ഞാൻ അയാളുടെ പുറകേ നടന്നു. അയാളുടെ അവസരം കാത്തുനിന്നു.

അന്നു് ഒരു ഒഴിവുദിവസമായിരുന്നു. തെരുവിലെ കടകൾ എല്ലാം അടച്ചിരുന്നു. റോഡുവിജനമായിരുന്നു. തൻെറ ചെററയെ ലക്ഷ്യമാക്കി, അയാൾ ഇഴഞ്ഞിഴഞ്ഞു പോകുകയാണു്. ഞാൻ ചോദിച്ചു,—

"വീടെവിടാ?"

"ഇവിടുന്നു, രണ്ടുമൈലുദൂരമുണ്ടു്."

"വീട്ടിൽ ആരെല്ലാമുണ്ടു്?"

"എൻെറ ഭാര്യയും കുഞ്ഞുങ്ങളും."

"അവക്കു ചിലവിനു്?"

"ഞാൻ തെണ്ടുന്നു."

അയാളും ഒരു കുടുംബത്തിൻെറ രക്ഷിതാവാണു്. ചുമതലയുള്ള മനുഷ്യനാണു്. അന്തി ഉറങ്ങുവാൻ കിടപ്പാടവും, സമാശ്വാസനത്തിനു ഭാര്യയും ഉണ്ടു്.

"......മുഖത്തു നോക്കിയിട്ടു് നല്ല നിലയിൽ ജീവിച്ചിരുന്നതാണെന്നു തോന്നുന്നല്ലോ."

അയാൾ, വികൃതമായ് ചിരിച്ചു. എന്നിട്ടു പറഞ്ഞു -

"അതെ. ഞാനും മാന്യമായ് ജീവിച്ചവനാണു്..."

"പിന്നെ?"

"ഞാൻ ഒരു തെണ്ടിയായതു് എങ്ങനെയാണെന്നു പറയാം......എനിക്കു് ശിപായി ഉദ്യോഗമായിരുന്നു. പതിനഞ്ചുവർഷം പല ഉദ്യോഗസ്ഥന്മാരേയും സേവിച്ചു. ഗ്രഹപ്പിഴയ്ക്കു് ഒരു തെങ്ങിൽനിന്നു് വീഴുവാൻ ഇടയായി. എൻെറ എല്ലും ഞരമ്പുകളും എല്ലാം പൊട്ടി. നാലു വർഷം ഞാൻ പായിൽനിന്നും എഴുന്നേററില്ല. എൻെറ ജോലി പോയി. ആരും സഹായിയ്ക്കുവാനില്ലായിരുന്നു. ഉപ്പുപാത്രംവരെവിററു് ഭാര്യ എന്നെ ചികിത്സിച്ചു. അഞ്ചുവർഷത്തിനുശേഷം ഞാൻ എഴുന്നേററു നടന്നു തുടങ്ങി. പക്ഷെ കാസത്തിൻെറ സുഖക്കേടു് എന്നെ തുടന്നു ഉപദ്രവിച്ചു. പട്ടിണിയും ദാരിദ്ര്യവും കൊണ്ടു് അതു വിട്ടുപോയില്ല"

"ആരും ധനസഹായം ചെയ്തില്ലേ?"

"ആരു ചെയ്യാനാണു്! ആത്മമിത്രങ്ങൾകൂടി തിരിഞ്ഞുനോക്കിയില്ല. രണ്ടും മൂന്നും നേരം പട്ടിണികിടന്നു, നിവൃത്തികെട്ടു് ഇഴഞ്ഞിഴഞ്ഞു ഞാൻ ചെന്നു വലിയവരെ പലരേയും കണ്ടു. അവർ മനുഷ്യത്വത്തെ പുഛിച്ചുകൊണ്ടു് എൻെറ കൈകുമ്പിളിൽ ചെറിയ തുട്ടുകൾ എറിഞ്ഞുതന്നു. ആരും എന്നെ ഹൃദയം അറിഞ്ഞു സഹായിച്ചില്ല. ആൎക്കും എന്നോടു മനുഷ്യസ്നേഹത്തിൻെറ പേരിൽ, കരുണതോന്നിയില്ല. ആ അധഃപതനത്തിൽനിന്നും ഉയരുവാൻ, ആരും എനിയ്ക്കു കൈനിട്ടിയില്ല.. അവസാനം, ഞാൻ തെണ്ടിയായി...എൻ്റെ കുഞ്ഞുങ്ങൾക്കുവേണ്ടി ഞാൻ പിച്ചപ്പാളയെടുത്തു......"

"എന്തെങ്കിലും തൊഴിലിൽ ഏർപ്പെടുന്നതിനു്, തക്ക ഒരു ധനസഹായം ചെയ്തു് ആരും കരകയററിയില്ലല്ലൊ."

അയാറം പുച്ഛസ്വരത്തിൽ ചിരിച്ചു:—

"ഞാൻ ഓടയിലേയ്ക്കു വഴുതിവീണു. ലോകം അതു കണ്ടു നിന്നു. കുടഞ്ഞു, പാവപ്പെട്ടവനെ സഹായിയ്ക്കുവാൻ ആളുണ്ടാകുകയില്ല. ഇരുപതു രൂപാ, അന്നു് ആരെങ്കിലും, തന്നാൽ മതിയായിരുന്നു. ഞാൻ ഒരു മുറുക്കാൻ കട കൊണ്ടെങ്കിലും ജീവിച്ചേനേ......ധനവാൻ, ധനവാനെ സഹായിക്കും. വലിയവർ എന്തിനെന്നെങ്കിലും സംഭാവന ചെയ്യുന്നുണ്ടെങ്കിൽ, അതു പ്രസിദ്ധിയ്ക്കും പ്രതാപത്തിനും വേണ്ടിമാത്രമാണു്."

"മാനംകെട്ട ഈ ജീവിതത്തിൽ വേദനയില്ലേ?"

"മററു നിവൃത്തിയില്ലെങ്കിൽ എന്തുചെയ്യും!—"

"ഞാൻ അദ്ധരാത്രിവരെ തെണ്ടുന്നു. എനിയ്ക്കു് ഒരു ആഗ്രഹമേ, ഉള്ളു. എൻെറ മക്കളെങ്കിലും തെണ്ടികളാകരുതു്........"

"അതിനു് എന്തുചെയ്യുന്നു?"

"ഞാൻ അവരെ പഠിപ്പിയ്ക്കുന്നു. എനിയ്ക്കുള്ളതു് രണ്ടു് ആൺകുഞ്ഞുങ്ങളാണു്. അവക്കിപ്പോറം എട്ടും പത്തും വയസ്സുപ്രായമുണ്ടു്......"

"പഠിപ്പിച്ചാൽ?"

"അവർ വളന്നു വരുമ്പോറം, എന്തെങ്കിലും ജോലി കിട്ടും. തെണ്ടിയുടെ മക്കളെന്നു വേണമെങ്കിൽ ലോകം

പറഞ്ഞുകൊള്ളട്ടെ...ഞാൻ അവരെ പള്ളിക്കൂടത്തിൽ അയക്കുകയാണു്. അവക്കു പുസ്തകവും പെൻസിലും ഉണ്ടു്. മുണ്ടും ഷട്ടും ഉണ്ടു്.”

നയനങ്ങൾ വികസിച്ചു്, നാസിക വിടൎത്തി, അഭിമാനത്തോടെയാണു് ഒരയാൾ അതു പറഞ്ഞതു്.

“രാത്രിയിൽ വീട്ടിലെത്തുമ്പോൾ എന്തു സമയമാകും?”

“ഒരതിനുനിശ്ചയംഒന്നുമില്ല. നടന്നുനടന്നു് എന്റെ കാലുകൾ കുഴഞ്ഞു. ഞാൻ നടക്കുന്നുവെന്നേഉള്ളൂ. എന്റെ ശരീരത്തിനു് ഒരു സുഖവുമില്ല. കാസം എപ്പോഴും എന്നെ അലട്ടുന്നു. സന്ധ്യകഴിഞ്ഞാൽ പയ്യെപയ്യെ നിരങ്ങി ചിലപ്പോൾ വീട്ടിലെത്തുമ്പോൾ പതിനൊന്നുമണിവരെയാകും.”

“കുഞ്ഞുങ്ങൾ അപ്പനെ, കാത്തിരിക്കുമോ?”

“പത്തുപതിനൊന്നുമണിവരെ ഇരിക്കും മിക്കവാറും ഞാൻ ചെന്നുകഴിഞ്ഞെ, ഉറങ്ങുകയെഉള്ളൂ. ചിലപ്പോൾ ഉറങ്ങിയെന്നുംവരും. കൊച്ചുകുഞ്ഞുങ്ങളല്ലേ?...”

“മക്കൾ നല്ലവണ്ണം പഠിക്കുമോ?”

“പഠിക്കുവാൻ മിടുക്കന്മാരാണു്. ഇളയകുഞ്ഞിനു നല്ലബുദ്ധിയാ. അവനു് എന്തെല്ലാം അറിയണമെന്നോ! —‘അപ്പൻ എങ്ങിനെയാണു്, പാവമായതു്? നമുക്കു് ആരും സഹായിക്കുവാനില്ലേ? അപ്പൻ വീട്ടിൽ ഇരുന്നാൽ മതി. ഞാനും ചേട്ടനുംകൂടി പോയി ചക്രംകൊണ്ടുവരാം, എന്നൊക്കെ അവൻ പറയും .........രാത്രിയിൽ വീട്ടിലെത്തുമ്പോൾ, ഓടിവന്നു മടിയിൽ കിടക്കും. ‘ഇന്നു്

എത്രചക്രം കിട്ടി? അച്ഛന വിശന്നോ?—അതോ വല്ല വരും കഞ്ഞിതന്നോ? അച്ഛാ, നമ്മുടെ കഷ്ടപ്പാടുകളെല്ലാം എന്നാണ്ട് തീരുന്നതു്?' ഇവയൊക്കെയാണ്ട് ചോദ്യ ങ്ങൾ ..."

"അച്ഛൻ, യാചിച്ചാണ്ട് മക്കളെ പോററുന്നതെ ന്നു് അവർ അറിഞ്ഞുകഴിഞ്ഞു. ഇല്ലേ?"

"ആ വിചാരം അവരെ അലട്ടുന്നുണ്ടു്. ഒരു ദിവസം രണ്ടുപേരും കരഞ്ഞുകൊണ്ടാണ്ട് വീട്ടിൽ വന്നതു്. കൂട്ടു പിള്ളേർ 'തെണ്ടിയുടെ മകനെ' എന്നു വിളിച്ചതായി അവർ പറഞ്ഞു. ഞാൻ എന്തുചെയ്യും? എനിയ്ക്കു് ആ രോടു പരാതിപ്പെടുവാനുണ്ടു്?...എനിയ്ക്കു് ഒരു വീട്ടിൽ നിന്നും ഒരു കോടിത്തോർത്തു തന്നു. അതു് ഇളയകുഞ്ഞു ഉടുത്തുകൊണ്ടുപോയി. പള്ളിക്കൂടത്തിൽ എനിയ്ക്കു തോ ർത്തുതന്ന വീട്ടിലെ ഒരു കുട്ടി കൂടിയുണ്ടായിരുന്നു. അവൻ പറഞ്ഞു, 'ഈ തോർത്തു് എന്റെ അച്ഛൻ നിൻെറ അച്ഛ ന്നു് കൊടുത്തതാ' പിള്ളേരു് എല്ലാവരും കൂടി എൻെറ കുഞ്ഞിനെ ആക്ഷേപിച്ചു. അവൻ അന്നു രാത്രി കരഞ്ഞു കരഞ്ഞു് ഉറങ്ങിയിട്ടില്ല. ഞാൻ നരകത്തിലായിപ്പോയി. ഈ ദുഃഖവും കണ്ണുനീരുമെല്ലാം എനിയ്ക്കു് കാണേണ്ടതാ യ്‌വന്നു......"

അയാളുടെ തൊണ്ടയിടറി. പഴുത്ത ആ കണ്ണുകൾ കലങ്ങിയിരിയ്ക്കുന്നു! വൃദ്ധയാചകൻ തുടന്നു:—

"അവർ, എത്ര കൊഞ്ചലുള്ള കുഞ്ഞുങ്ങളാണ്ട്! ക ളിച്ചു നടക്കേണ്ട പ്രായം, സന്തോഷത്തോടെ കഴിയേണ്ട

സമയം. പക്ഷേ അവരുടെ ചിന്ത ദുഃഖനിമഗ്നമായി, തെണ്ടിനടക്കുന്ന പിതാവിന്റെ ചുററും പററിക്കൂടി നില്ക്കുകയാണു്."

അയാളെ സമാശ്വസിപ്പിക്കാനായി ഞാൻ പറഞ്ഞു:—

"ഒന്നും ദുഃഖിയ്ക്കുവാനില്ല. മക്കൾ പഠിയ്ക്കട്ടെ!"

അയാൾ ആവേശത്തോടെ പറഞ്ഞു:—

"എൻെറയും ആഗ്രഹം അതാണു്. ഞാൻ ജീവിയ്ക്കുന്നതു് അവക്കുവേണ്ടിമാത്രമാണു്. ഞാൻ തെണ്ടിയായി. ഞാൻ ജനിപ്പിച്ച കുഞ്ഞുങ്ങളെങ്കിലും തെണ്ടികളാകരുതു്."

"അവരെ, ആവോളം പഠിപ്പിയ്ക്കണം."

അയാളുടെ മുഖത്തു് പ്രകാശം വന്നു. അയാൾ പറഞ്ഞു.

"ഓ, എത്രകാലം ഞാനതിനുവേണ്ടി തെണ്ടണം! ഞാൻ പഠിപ്പിയ്ക്കും. അവർ നല്ലനിലയിൽ എത്തുമ്പോൾ, നാട്ടിലുള്ള തെണ്ടികൾക്കുവേണ്ടി ജീവിയ്ക്കണമെന്നാണു്, ഞാൻ പറഞ്ഞു കൊടുക്കുന്നതു്. അതു ശരിയല്ലേ?"

"അതെ."

"എൻെറ മക്കൾക്കു് അറിയാം ഒരു തെണ്ടിയുടെ ജീവിതം, എത്രമാത്രം വേദനയേറിയതാണെന്നു്. ഇരുൾ നിറഞ്ഞതാണെന്നു്. അവർ തെണ്ടിയുടെ മക്കളാണു്. അതുകൊണ്ടു് അവർ തെണ്ടികൾക്കുവേണ്ടി ജീവിയ്ക്കണം..."

"തെണ്ടികളില്ലാത്ത ഒരു ലോകത്തിന്ന വേണ്ടി, അവർ പരിശ്രമിയ്ക്കട്ടെ!–"

ഉറച്ചസ്വരത്തിൽ അയാൾ അതു് ഏററു പറഞ്ഞു.

"അവർ പരിശ്രമിയ്ക്കട്ടെ!!—"

എൻെറ കയ്യിൽ അപ്പോഴുണ്ടായിരുന്ന ഒരുറുപ്പിക ഞാൻ അയാൾക്കു കൊടുത്തു. എന്നിട്ട പറഞ്ഞു,—

"ഈ രൂപാ ആ കുഞ്ഞുങ്ങൾക്കുവേണ്ടി ഉള്ളതാണ്. അതു വളരെ തുച്ഛമാണെന്നു് എനിയ്ക്കറിയാം. പക്ഷേ, അതു തരുന്നതു് ആ കുഞ്ഞുങ്ങൾ നന്നാകണമെന്നു് ആഗ്രഹിയ്ക്കുന്ന ആത്മാർത്ഥതയുള്ള ഒരു മനുഷ്യനാണ്."

അയാൾ, കൃതജ്ഞതയ്ക്കു് കൂപ്പുകൈ ഉയർത്തി.

ഞാൻ പിരിഞ്ഞു.

എൻെറ ഹൃദയം അയാളും ആ കുഞ്ഞുങ്ങളും കഴിയുന്ന ചെററയിൽ തങ്ങിനിന്നിരുന്നു.

* * * *

വിശുദ്ധമായ ആ ആശ പൊലിഞ്ഞു. മക്കൾ തെണ്ടികളാകരുതെന്നുള്ളതു്.

ഞാൻ സംസാരിച്ചു പിരിഞ്ഞതിന്നുശേഷം, ഏഴാം രാത്രിയിൽ അയാളുടെ ജീവിതം അവസാനിച്ചു. രാത്രിയുടെ ഇരുളിൽ. കൊടുംമഴയുടെ തണുപ്പിൽ. കൊടുങ്കാററിൻെറ പ്രചണ്ഡതയിൽ.

സൂര്യൻ ഉദിച്ചുപൊങ്ങുന്ന ആ സമയത്തു് എൻെറ മുമ്പിൽകിടന്നതു്, ഉൽകൃഷ്ടമായ ലക്ഷ്യത്തിൻേറയും സത്യാത്മകമായ സ്നേഹത്തിൻെറയും മൃതദേഹമായിരുന്നു.

അന്നത്തെ രാത്രിയിൽ, കുടിലിലേയ്ക്കു പോകുവാൻ അത്രആധികം ഇരുട്ടിയതു്, ആ മക്കൾക്കുവേണ്ടിയാണു്.

ഇരുട്ടിൽ കണ്ണുകാണാതെ, മഴത്തല്ലിൽ തളൎന്നുകുഴഞ്ഞു, ശക്തിഅററു് ഓട വക്കത്തു വീഴുമ്പോൾ, അയാൾ ചിന്തിച്ചിരുന്നതു്, പഠിച്ചു തെണ്ടികളാകാതിരിയ്ക്കേണ്ട മക്കളെപ്പററി ആയിരിയ്ക്കണം. മക്കളെപ്പററിയുള്ള വെന്തെരിയുന്ന ചിന്ത, നാവുകുഴഞ്ഞു് ശ്വാസംവലിച്ചുള്ള മരണത്തിലേയ്ക്കുള്ള യാത്രയെ കൂടുതൽ വീൎപ്പുമുട്ടിച്ചിരിയ്ക്കണം.

വിറച്ചുപിടച്ചു് അന്ത്യദാഹം തീൎക്കാതെ, ഓടവക്കിലെ റോഡുവെള്ളത്തിൽ ആ ജീവിതം നിലച്ചു. മരണവേളയിൽ, അയാളുടെ ചുണ്ടുകൾ മൂകമായ് മന്ത്രിച്ചതും മക്കളെ പററിയല്ലേ!-

അച്ഛന്റെ മരണം അറിഞ്ഞു്, ഉറക്കപ്പായിൽ നിന്നും, പിഞ്ചുപൈതങ്ങൾ രണ്ടുപേരും എഴുന്നേററു. കണ്ണുനീരിനു് ഹൃദയം കൊടുത്തു്. നിസ്സഹായതയുടെ കരവലയങ്ങളിലേയ്ക്കു്.

പിതാവിന്റെ തകൎച്ചയിൽ മക്കളുടെ ഭാവി തകൎന്നു. അവൎക്കു ജീവിയ്ക്കേണ്ടതു്, പിതാവിനെ തെണ്ടിയാക്കിയ ചുററുപാടുകളിലാണു്.

വിശപ്പുകത്തുമ്പോൾ, പഠിത്തം നിൽക്കും:

പുസ്തകവും പെൻസിലും കളഞ്ഞു് കൂറമുണ്ടും ഉടുത്തു്, പിതാവിന്റെ പതിവുകാരുടെ മുമ്പിൽ അവർ കൈക്കുമ്പിൾ നീട്ടുകില്ലേ!

...... ...ഹോ, ആ രൂപം എനിയ്ക്കു മറക്കുവാൻ വയ്യാ. അൎത്ഥശൂന്യമായ് പരിണമിച്ച ആ ശബ്ദങ്ങൾ എൻെറ ഹൃദയത്തിൽ ചിലമ്പുന്നു!—

പഴുത്ത കണ്ണുകളും, കഴുത്തുവരെ കിടക്കുന്ന നരച്ചു വെളുത്ത മുടിയും, കുഴിവീണ കവിളുകളും, ചുളിവുകൾ നിറഞ്ഞ തൊലിയും. ശരീരത്തിൻെറ പല ഭാഗത്തായ് എല്ലുന്തിയ ദേഹം. വണ്ണമില്ലാത്ത കൈകാലുകൾ. വിറയ്ക്കുന്ന വലതു കൈകൊണ്ട് ഒരു മുളവടി ഊന്നി പിടിച്ച് നടു വക്രനി നില്ക്കുന്നു. ഉടലുമുഴുവൻ ഒരു ക്രൂരക്കോട്ടിൽ പൊതിഞ്ഞ്. മുട്ടററം മുണ്ടുടുത്ത്. അയാൾ വികാരാവേശത്തോടെ പറഞ്ഞു,—

'എൻെറ മക്കൾ തെണ്ടരുത്!—'

എട്ടും പത്തും വയസ്സു പ്രായമുള്ള ഓരോ തെരുവു തെണ്ടിയേയും കാണുമ്പോൾ ഞാൻ ഓൎക്കും,—സ്നേഹം നിറഞ്ഞ ആ പിതാവിൻെറ പ്രാപ്തിയിലെത്താത്ത ആ ശബ്ദങ്ങൾ.

13-5-1124.

THE SENGUPTA PUBLIC LIBRARY
PUTHIYARA.

THE SENGUPTA PUBLIC LIBRARY
PUTHIYARA.

ശ്രീ. ഏ. കെ. ബാലകൃഷ്ണപിള്ളയുടെ

# മണ്ണിൻെറ മക്കൾ

**അഭിപ്രായങ്ങൾ:—** "വികാരനിർഭരവും ആദർശസുന്ദരവുമായ നാലു ചെറുകഥകളുടെ സമാഹാരമാണു് ഈ കൃതി.... കുററം പറയാനൊക്കാത്ത ആവശ്യമായ ഒരു പുരോഗമനസാഹിത്യകൃതിയായു് ഇതിനെ സഹൃദയർ സ്വീകരിക്കുമെന്നുള്ളതിൽ പക്ഷാന്തരമില്ല.

'കേരളകൌമുദി' (തിരുവനന്തപുരം)

"യഥാതഥമായ ചിത്രീകരണം........വിദഗ്ദ്ധമായ സംഗ്രഹണകല........"

'ഗ്രന്ഥാലോകം' (തിരുവനന്തപുരം)

"ജീവനും ജീവിതവും തുടിക്കുന്ന കഥകൾ....... ഗ്രന്ഥകാരനു എഴുതുന്നതിലും പറയുന്നതിലും വ്യക്തിത്വവും വിശാലവുമായ ഒരു ലക്ഷ്യമുണ്ടു്."

'കേരളപത്രിക' (എറണാകുളം)

"മണ്ണിൻെറ മക്കൾ, ശ്രീ. ബാലകൃഷ്ണപിള്ളയുടെ ജീവിതനിരീക്ഷണപാടവത്തെ തെളിയിക്കുന്നവയാണു്.

'മലയാളമനോരമ' (കോട്ടയം)

"കൊച്ചു കൊച്ചു വാക്യങ്ങളും സുന്ദരമായ രചനയും....... ജീവിതത്തിൻെറ വൈവിദ്ധ്യത്തെ ചുഴിഞ്ഞുനോക്കി പഠിക്കുവാനുള്ള ഗ്രന്ഥകാരൻെറ ശ്രമം അഭിനന്ദനാർഹമാണു്."

'പ്രഭാതം' (കൊല്ലം)

"എല്ലാ കഥകളും കലയുടെ പരിവേഷം പൂണ്ടവയും കൂടുതൽ കാമ്യമായ ഒരു സാമൂഹ്യവ്യവസ്ഥിതിക്കുവേണ്ടി വാദിക്കുന്നവയുമാണു്."

'മാതൃഭൂമി' (കോഴിക്കോട്ടു്)

"നിങ്ങൾ ചുററുപാടുകളെപ്പററി അലംഭാവം പൂണ്ടു കഴിയുകയാണെങ്കിൽ ഇതിൽ വരച്ചിരിക്കുന്ന ചിത്രങ്ങൾ നിങ്ങളെ ഭയപ്പെടുത്തുകയോ അസ്വസ്ഥരാക്കുകയോ, കർത്തവ്യബോധമുള്ളവരാക്കുകയോ ചെയ്യുമെന്നു കാര്യം തീർച്ചയാണു്."

'കൌമുദി' (തിരുവനന്തപുരം)

"അപകടത്തിലായിരിക്കുന്ന നമ്മുടെ സംസ്കാരത്തെപ്പററി നമുക്കു് മുന്നറിയിപ്പുതരുകയാണു്, 'മണ്ണിൻെറ മക്കൾ'."

'മലയാളരാജ്യം' (കൊല്ലം)

## വില ഒരുറുപ്പിക

പി. കെ. മെമ്മോറിയൽ പ്രസ്സ്

വഴുതയ്ക്കാട്ടു്, തിരുവനന്തപുരം.

THE SENGUPTA PUBLIC LIBRARY
PUTHIYARA.

260039